

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2025 ഏപ്രിൽ 01 – 15

Volume XIX Issue 07

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# താരിഫുകളിൽ ട്രംപ് അന്തിമ തീരുമാനം എടുത്തിട്ടില്ലെന്നു സാമ്പത്തിക ഉപദേഷ്ടാവ്





വാഷിംഗ്ടൺ ഡി.സി: പുതിയ താരിഫുകൾ നടപ്പാക്കുമെന്നു പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞിട്ടുണ്ടെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ലെന്ന് അദ്ദേഹത്തിന്റെ നാഷനൽ ഇക്കണോമിക് കൗൺസിൽ ഡയറക്ടർ കെവിൻ ഹാസറ്റ് വ്യക്തമാക്കി. ഏപ്രിൽ 2 മുതിൽ തീരുവ നടപ്പിലാക്കുമെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഫോക്സ് ന്യൂസിലൂടെയാണ് കെവിൻ ഹാസ്റ്റ് ഇക്കാര്യം വ്യക്തമാക്കിയത്.

ട്രംപിന്റെ നികുതി പരിപാടി പാസാക്കാൻ കോൺഗ്രസിലെ റിപ്പബ്ലിക്കൻ അംഗങ്ങൾക്കു ഉറപ്പായും കഴിയുമെന്നു ഹാസറ്റ് പ്രതീക്ഷിക്കുന്നു.

താരിഫ് സംബന്ധിച്ച് ട്രംപിന്റെ കൂടെ നിൽക്കുന്നവരിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടെന്നുള്ള റിപ്പോർട്ടുകൾ നിലവിലുണ്ട്. വൈസ് പ്രസിഡന്റ് ജെ ഡി വാൻസ്, വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫ് സൂസി വൈൽസ് എന്നിവർ ഇതിനോടു വിയോഗിക്കുന്നുവെന്നു വെളിപ്പെട്ടിട്ടുണ്ട്.

വാഹന ഇറക്കുമതിക്ക് 25% താരിഫ് പൊടുന്നനെ അടിച്ചേൽപിച്ചതു പോലുള്ള നടപടികൾ നിക്ഷേപകരെയും ബിസിനസുകാരെയും അമ്പരപ്പിച്ചിട്ടുണ്ട്. വാഹനങ്ങൾക്ക് വിലകൂടുന്നത് തനിക്കൊരു പ്രശ്നമല്ലെന്ന ട്രംപിന്റെ പ്രസ്താവം പലർക്കും ഞെട്ടലായി. അന്താരാഷ്ട്ര തലത്തിലും വലിയ ആശങ്കയാണ്. കാനഡയിൽ പുതിയ താരിഫിന്റെ പ്രത്യാഘാതങ്ങൾ ജനങ്ങളെ പഠിപ്പിക്കാൻ പ്രചാരണം ആരംഭിച്ചു.

# ഇന്ത്യ യുഎസ് ആണവ കരാർ; ഇന്ത്യയിൽ ആണവ റിയാക്ടറുകൾ നിർമ്മിക്കും



ഇന്ത്യയിൽ ആണവ റിയാക്ടറുകൾ നിർമ്മിക്കാൻ യുഎസ് കമ്പനിക്ക് യുഎസ് ഊർജ്ജ വകുപ്പിൽ (ഡി.ഒ.ഇ)നിന്ന് അനുമതി. ഹോൾടെക് ഇന്റർനാഷണൽ എന്ന കമ്പനിയാണ് അനുമതി പത്രം നൽകിയത്.

ഇന്ത്യ യുഎസ് സിവിൽ ആണവ കരാറിൽ ഒപ്പു വെച്ചതിന് രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷമാണ് ഇത്തരം ഒരു നടപടി. ഇന്ത്യ യുഎസ് സിവിൽ ആണവ കരാറിന്റെ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്താൻ മോദിയുടെ അമേരിക്കൻ സന്ദർശന വേളയിൽ തീരുമാനമായിരുന്നു. യുഎസ് ഇന്ത്യ 123 സിവിൽ ആണവ കരാർ പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിന്ഇരു രാജ്യങ്ങളും തമ്മിലുള്ള പുതുക്കിയ ആണവ സഹകരണം സംബന്ധിച്ച പ്രഖ്യാപനമാണ് അന്ന് നടത്തിയത്. ഇത് ഇന്ത്യയെ സംബന്ധിച്ച് ഒരു പ്രധാന നയതന്ത്ര നേട്ടമായി കരുതപ്പെടുന്നു.ഹോൾടെക്കിന്റെഅൺക്ലാസിഫൈഡ് സ്മാൾ മോഡുലാർ റിയാക്ടർ (ഡി.ഒ.ഇ) സാങ്കേതികവിദ്യഇന്ത്യയിലെ മൂന്ന് സ്ഥാപനങ്ങൾക്ക് കൈമാറും.

ഹോൾടെക്കിന്റെ തന്നെ പ്രാദേശിക അനുബന്ധ സ്ഥാപനമായ ഹോൾടെക് ഏഷ്യ, ടാറ്റ കൺസൽട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ്, ലാർസൺ ആന്റ് ടൂബ്രോ ലിമിറ്റഡ് എന്നിവർക്കാണ് ഇതു കൈമാറുക.

ഇന്ത്യൻ അമേരിക്കൻ ക്രിസ് പി സിംഗ് ആണ് ഹോൾടെക് ഇന്റർനാഷണലിനെ പ്രൊമോട്ട് ചെയ്യുന്നത്. 2010 മുതൽ ഹോൾടെക് ഏഷ്യയുടെ ഒരു എഞ്ചിനീയറിംഗ് യൂണിറ്റ് പൂനെയിൽ പ്രവർത്തിക്കുന്നുണ്ട്. ഗുജറാത്തിലെ ദഹേജിൽ ഒരു നിർമ്മാണ യൂണിറ്റും ഉണ്ട്.

ഹോൾടെക്കിന്റെ അഭ്യർത്ഥനയിൽ മൂന്ന് ഇന്ത്യൻ കമ്പനികൾ കൂടിയുണ്ട്. ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (എൻ.പി.സി.ഐ.എൽ), തെർമൽ യൂട്ടിലിറ്റി (എൻ.ടി.പി.സി) ലിമിറ്റഡ്, ആറ്റോമിക് എനർജി റിവ്യൂ ബോർഡ് (എഇആർബി). എന്നാൽ ഈ മൂന്ന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കും ആവശ്യമായ ആണവ നിർവ്യാപന ഉറപ്പുകൾ ഇന്ത്യാ ഗവൺമെന്റ് ഇതു വരെ നൽകിയിട്ടില്ല.

ഇന്ത്യൻ രാഷ്ട്രീയത്തിൽ വലിയ കോളിളക്കമുണ്ടാക്കിയ സംഭവമായിരുന്നു ഇന്ത്യയുഎസ് ആണവകരാർ. മൻമോഹൻസിങ്ങിന്റെ കാലത്തായിരുന്നു കരാറിൽ എത്തിയത്. അന്ന് ഇടതുപക്ഷം യുപിഎ സർക്കാരിനുള്ള പിന്തുണ പിൻവലിച്ചു. പാർലമെന്റിൽ വലിയ നാടകീയ രംഗങ്ങൾ അന്ന് അരങ്ങേറിയിരുന്നു. തുടന്നു വന്ന അവിശ്വാസ പ്രമേയത്തെ മൻമോഹൻ സിങ് അതിജീവിച്ചു എങ്കിലും ആണവകരാർ നിർജീവമമായി തന്നെ തുടരുകയാണ്. ആ കരാറാണ് പുതിയ വഴിത്തിരിവിലേക്ക് എത്തിയിരിക്കുന്നത്.

## കാമ്പസ് രാഷ്ട്രീയ നേതാക്കൾ രാജ്യം വിട്ടു പോകണമെന്നു സ്റ്റേറ്റ് ഡിപ്പാർട്മെന്റ്

യുഎസ് കാമ്പസുകളിൽ രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ടു എന്നതിന്റെ പേരിൽ രാജ്യംവിട്ടുപോകാൻ നിർദേശിച്ചു നൂറു കണക്കിനു അന്താരാഷ്ട്ര വിദ്യാർഥികൾക്കു സ്റ്റേറ്റ് ഡിപ്പാർട്മെന്റ് ഇമെയിൽ അയച്ചു തുടങ്ങി. ഇന്ത്യൻ വിദ്യാർഥികളും ഇതിൽ പെടും.

ഇന്റർനെറ്റിൽ ആക്ടിവിസം നടത്തുന്നവരെയും പിടികൂടുമെന്നു ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ടിൽ പറയുന്നു. സാമൂഹ്യ മാധ്യമങ്ങളും സ്റ്റേറ്റ് ഡിപ്പാർട്മെന്റ് പരിശോധിച്ചു വരികയാണ്. പഠിക്കാനുള്ള എഫ് വിസ, തൊഴിൽ പഠനത്തിനുള്ള എം വിസ, എക്സ്ചേഞ്ചിനുള്ള ജെ വിസ എന്നിവയ്ക്കു പുതുതായി അപേക്ഷിക്കുന്നവരെയും പുതിയ പരിശോധന ബാധിക്കും. അവർക്കു പ്രവേശനംനിഷേധിക്കപ്പെടാം.

ഏറ്റവും പുതിയ കണക്കനുസരിച്ചു യുഎസിൽ 2023–24 അക്കാദമിക് വർഷത്തിൽ 1.1 മില്യൺ അന്താരാഷ്ട്ര വിദ്യാർഥികൾ ഉണ്ടായിരുന്നു. അതിൽ 331,000 ഇന്ത്യക്കാർ

മൂന്നാഴ്ചയ്ക്കുള്ളിൽ 300 വിദേശവിദ്യാർഥികളുടെ വിസ റദ്ദാക്കി. ഹമാസ് ഉൾപ്പെടെയുള്ള വിദേശ ഭീകര സംഘടനകളുമായി ബന്ധപ്പെട്ടവരെ കണ്ടെത്തി വിസ റദ്ദാക്കാൻ സെക്രട്ടറി ഓഫ് സ്റ്റേറ്റ് മാർക്കോ റുബിയോക്യാച്ച് ആന്റ് ് റിവോക്ക് എഐ പരിപാടി ആരംഭിച്ചിരുന്നു. മൂന്നാഴ്ചയ്ക്കുള്ളിൽ 300 വിദേശവിദ്യാർഥികളുടെ വിസ ഇതിലൂടെ റദ്ദാക്കി.

പുതുതായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിസ റദ്ദാക്കുന്നു എന്നാണ് ബ്യൂറോ ഓഫ് കോൺസുലർ അഫെയേഴ്സ് വിസ ഓഫിസിന്റെ അറിയിപ്പിൽ പറയുന്നത്.


സാംസ്കാരികം

**അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക ▪ പ്രതിമാസ സാംസ്കാരിക മാസിക**

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം


പി. ഡി. എഫ് ഫയലിനോടൊപ്പം

www.timesofamericanmalayali.com



ഈ ലക്കത്തിൽ

രജാജിയുടെ വൈക്കം പ്രസംഗം



ലോകപുസ്തകദിനവും പകർപ്പവകാശവും

# ഐപിസിഎൻഎ അന്താരാഷ്ട്ര കോൺഫറൻസിന്റെ വിജയത്തിനായി ഹൂസ്റ്റൺ ചാപ്റ്റർ



– അനിൽ ആറന്മുള

സ്റ്റാഫോർഡ്: ന്യൂ ജേഴ്‌സിയിൽ 2025 ഒക്ടോബർ 9,10,11 തീയതികളിൽ നടക്കുന്ന അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന് സമ്പൂർണ പിന്തുണയേകി സമ്മേളനത്തിന്റെ വിജയത്തിലേക്കായി ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ഹ്യൂസ്റ്റൺ ചാപ്റ്റർ യോഗം തീരുമാനിച്ചു.

മാർച്ച് 22 നു സ്റ്റാഫോർഡിലെ 'നേർകാഴ്ച ഹാളിൽ കൂടിയ ചാപ്റ്റർ മീറ്റിങ്ങിലാണ് തീരുമാനം. ഹ്യൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ അധ്യക്ഷനായിരുന്നു. ജോയിന്റ് സെക്രട്ടറി സജി പുല്ലാട് സ്വാഗതമാശംസിച്ചു. ഹൂസ്റ്റൻ ചാപ്റ്ററിലേക്കു വന്ന പുതിയ അംഗങ്ങളായ ഡോ രഞ്ജിത് പിള്ള (24 ന്യൂസ് ബ്യുറോ ചീഫ് ഹ്യൂസ്റ്റൺ), മിഖായേൽ (24 ന്യൂസ്), ആൻസി സാമുവൽ (കൈരളി ടി വി) എന്നിവരെ പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ സ്വാഗതം ചെയ്തു. ഇതോടെ ഹൂസ്റ്റൻ ചാപ്റ്ററിൽ അച്ചടി, ദൃശ്യ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം ഇരുപത്തിയൊന്നായതായി സൈമൺ പ്രസ്താവിച്ചു.

തുടർന്ന് ന്യൂ ജേഴ്‌സിയിൽ നടക്കാൻ പോകുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫ്രൻസിനെക്കുറിച്ചു നാഷണൽ വൈസ് പ്രസിഡണ്ട് അനിൽ ആറന്മുള വിശദീകരിച്ചു. എല്ലാ പ്രാവശ്യത്തെയും പോലെ ഹൂസ്റ്റനിൽ നിന്നും കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. കേരളത്തിൽ നടന്ന മാധ്യമ അവാർഡുകളെക്കുറിച്ചു അംഗങ്ങളുടെ ചോദ്യങ്ങൾക്കു അദ്ദേഹം മറുപടി നൽകി.

കോൺഫ്രൻസിനു ഹൂസ്റ്റൺ ചാപ്റ്ററിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്നു പ്രസിഡണ്ട് സൈമൺ വാളച്ചേരിൽ ഉറപ്പുനൽകി. ചാപ്റ്ററിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ പ്രസിഡണ്ട് വിശദീകരിച്ചു. തുടർന്ന് സാമ്പത്തിക വിവരങ്ങൾ ട്രഷറർ അജു ജോൺ നൽകി.

മുൻ പ്രസിഡന്റുമാരായ ജോയ് തുമ്പമൺ, ജോർജ് തെക്കേമല, വൈസ് പ്രസിഡണ്ട് ജീമോൻ റാന്നി, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ ജോൺ വർഗീസ്, ഫിന്നി രാജു, ജോർജ് പോൾ, രാജേഷ് വർഗീസ്, റെയ്ന സുനിൽ എന്നിവർ പങ്കെടുത്തു.

# വിപിൻ ചാലുങ്കൽ കെ.സി.സി.എൻ.എ ജനറൽ സെക്രട്ടറി

– ഷാജി പള്ളിവീട്ടിൽ



ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.സി.എൻ.എ) പുതിയ ജനറൽ സെക്രട്ടറിയായി വിപിൻ ചാലുങ്കലിനെ തിരഞ്ഞെടുത്തു. കെ.സി.വൈ.എൽ.എൻ.എ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ളത് ഉൾപ്പെടെ, പ്രാദേശിക, ദേശീയ തലങ്ങളിൽ നിരവധി നേതൃപാടവങ്ങൾ ഏറ്റെടുത്തുകൊണ്ട് കഴിവ് തെളിയിച്ചിട്ടുള്ള ഒരു യുവ നേതാവാണ് വിപിൻ. വിപിന്റെ നേതൃത്വം ചിക്കാഗോയിലെ ക്നാനായ സമൂഹത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ദർശനം, സമർപ്പണം, യഥാർത്ഥ സ്വാധീനം സൃഷ്ടിക്കാനുള്ള കഴിവ് എന്നിവ അദ്ദേഹത്തെ ദേശീയ തലത്തിൽ ക്നാനായ സമൂഹത്തിന് ആവശ്യമായ നേതാവാക്കി മാറ്റി. അദ്ദേഹത്തിന്റെ കഴിവും നേതൃത്വവും കെ.സി.സി.എൻ.എ നേതൃത്വത്തിന് ശക്തി പകരും എന്നതിന് യാതൊരു സംശയവുമില്ല. ചിക്കാഗോ കെ.സി.എസ് വിപിനെ അഭിനന്ദിക്കുന്നതോടൊപ്പം, തന്റെ പുതിയ കർമ്മപഥത്തിൽ പൂർവാധികം ശക്തിയോടെ പ്രവർത്തിച്ച് സമുദായത്തിൽ നല്ല മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

April 1: **April Fool's Day**

April Fool's Day is celebrated by playing practical jokes and hoaxes on friends and family, often leading to playful confusion and laughter.

# ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ അഭിഷിക്തനായി



ബയ്റുത്ത്: യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവയായി മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രിഗോറിയോസ് സ്ഥാനമേറ്റു. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ എന്ന പേരിലാകും അദ്ദേഹം അറിയപ്പെടുക. ബസേലിയോസ് എന്നത് കാതോലിക്കയുടെ സ്ഥിരനാമമാണ്.

ബയ്റുത്ത് അറ്റ്ചാനെ സെയ്ന്റ് മേരീസ് കത്തീഡ്രലിൽ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ സ്ഥാനാരോഹണ ചടങ്ങിൽ മുഖ്യ കാർമികത്വം വഹിച്ചു.

സിറിയയിലെ ദമാസ്കസ് ആണ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആസ്ഥാനം. സിറിയയിലെ സംഘർഷഭരിതമായ സാഹചര്യം കണക്കിലെടുത്താണ് ചടങ്ങ് ലബനനിലെ ബയ്റുത്ത് അറ്റ്ചാനെ സെയ്ന്റ് മേരീസ് കത്തീഡ്രലിലേക്ക് മാറ്റിയത്.

ഔദ്യോഗിക സംഘത്തെ അയച്ചതിന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പാത്രിയർക്കീസ് ബാവ ആമുഖ പ്രസംഗത്തിൽ പ്രത്യേകം നന്ദി അറിയിച്ചു. ഇന്ത്യയിലെ മറ്റുമതങ്ങളോടുള്ള സഹിഷ്ണുതയേയും സ്നേഹത്തേയും ബാവ പ്രത്യേകം പരാമർശിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയനും ബാവ പ്രത്യേകം നന്ദി അറിയിച്ചു. മുഖ്യമന്ത്രിയുമായി പലവട്ടം കൂടിക്കാഴ്ച നടത്തിയിട്ടുണ്ടെന്നും സഭയോട് കാണിക്കുന്ന സ്നേഹത്തിനും സർക്കാർ പ്രതിനിധി സംഘത്തെ അയച്ചതിലും നന്ദി അറിയിക്കുന്നതായും ബാവ പറഞ്ഞു.

കാതോലിക്കേറ്റിലെ 81–ാമത്തെ കാതോലിക്കാ ബാവയാണ് ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ. പാത്രിയർക്കീസ് ബാവയ്ക്കുശേഷം സഭയിൽ രണ്ടാം സ്ഥാനീയനാണ് ശ്രേഷ്ഠ കാതോലിക്ക. മെത്രാപ്പോലീത്തമാരെ വാഴിക്കാനും പ്രാദേശിക സുന്നഹദോസിനെ നയിക്കാനും കാതോലിക്കക്ക് അധികാരമുണ്ട്.

▶3

# വാഷിംഗ്ടൺ ഡി.സി സെയിന്റ് ബർണബാസ് ഇടവകയിൽ ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് കാമ്പയിൻ ആരംഭിച്ചു



– ഉമ്മൻ കാപ്പിൽ

വാഷിംഗ്ടൺ, ഡി.സി: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് മാർച്ച് 23 ഞായറാഴ്ച സെയിന്റ് ബർണബാസ് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ നടന്നു. ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് സംഘാടക സമിതിയെ പ്രതിനിധീകരിച്ച് സെക്രട്ടറി ജെയ്സൺ തോമസും ഫിനാൻസ് കമ്മിറ്റി അംഗം ഷോൺ എബ്രഹാമും ഇടവക സന്ദർശിച്ചു.

കുർബാനയ്ക്ക് ശേഷം ഫാ. അനൂപ് തോമസ് (വികാരി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഫാമിലിആന്റ് യൂത്ത് കോൺഫറൻസ്. നോർത്ത് ഈസ്റ്റ് അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ ഈ നാല് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും.

കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രാസംഗികർ, രജിസ്ട്രേഷൻ, കോൺഫറൻസിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടികൾ എന്നിവ ജെയ്സൺ തോമസ് വിശദീകരിച്ചു. സ്പോൺസർഷിപ്പിലൂടെയും സുവനീർ പ്രസിദ്ധീകരണത്തിലേക്കുള്ള സംഭാവനകളിലൂടെയും ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിനെ പിന്തുണയ്ക്കാൻ ഷോൺ എബ്രഹാം എല്ലാവരെയും പ്രോത്സാഹിപ്പിച്ചു.

മുൻ സമ്മേളനങ്ങളിൽ പങ്കെടുത്ത അനുഭവങ്ങൾ പങ്കുവെച്ച ഫാ. അനൂപ് തോമസ്, ഭദ്രാസനത്തിന്റെ ഈ സുപ്രധാന ശുശ്രൂഷയിൽ പങ്കെടുക്കാനും പിന്തുണയ്ക്കാനും എല്ലാ അംഗങ്ങളെയും പ്രോത്സാഹിപ്പിച്ചു.

ഇടവകയുടെ പിന്തുണയുടെ പ്രതീകമായി, കോൺഫറൻസിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ആശംസകൾ ഉൾപ്പെടുത്തി പിന്തുണയ്ക്കുമെന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു. കോൺഫറൻസിൽ പങ്കെടുക്കാനും പിന്തുണയ്ക്കാനും നിരവധി അംഗങ്ങൾ തയ്യാറായി.

2025 ജൂലൈ 9 മുതൽ 12 വരെ കണക്റ്റിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ

▶3

# ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ അഭിഷിക്തനായി

*2-ാം പേജിൽ നിന്നും*

സമന്വയത്തിന്റെയും വിശ്വാസ സംരക്ഷണത്തിന്റെയും മാതൃക സൃഷ്ടിച്ച ശ്രേഷ്ഠ ബാവ 31വർഷം മെത്രാ പ്പോലീത്തയായി സേവനമനുഷ്ഠിച്ചു. 18 വർഷം സുന്നഹദോസ് സെക്രട്ടറിയായിരുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ തലവനായ കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ, മാർത്തോമ്മ സഭയെ പ്രതിനിധാനം ചെയ്ത് ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, മുൻ കേന്ദ്രമന്ത്രിമാരായ വി. മുരളീധരൻ, അൽഫോൻസ് കണ്ണന്താനം, ബെന്നി ബഹനാൻ എംപി, ഷോൺ ജോർജ് എന്നിവർ കേന്ദ്രസർക്കാർ പ്രതിനിധികളായും മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ എംഎൽഎമാരായ അനൂപ് ജേക്കബ്, ഇ.ടി. ടൈസൺ, എൽദോസ് കുന്നപ്പിള്ളി, ജോബ് മൈക്കിൾ, പി.വി. ശ്രീനിജിൻ എന്നിവരും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷും കേരള സർക്കാരിന്റെ പ്രതിനിധികളായും പങ്കെടുത്തു.

കോപ്റ്റിക് ഓർത്തഡോക്സ് സഭ, അർമേനിയൻ ഓർത്തഡോക്സ് സഭ, സിറിയൻ കത്തോലിക്കാ സഭ, അർമേനിയൻ കത്തോലിക്കാ സഭ, കൽദായ സുറിയാനി സഭ തുടങ്ങി വിവിധ ക്രൈസ്തവ സഭാ മേലധ്യക്ഷന്മാർ പങ്കെടുത്തു.

പരിശുദ്ധ ചാത്തുരുത്തിയിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസിന്റെ (പരുമല കൊച്ചുതിരുമേനി) നാലാം തലമുറക്കാരനാണ് പുതിയ ബാവ. 1960 നവംബർ 10ന് പെരുമ്പിള്ളി ശ്രാമ്പിക്കൽ പള്ളത്തിട്ടയിൽ വർഗീസിന്റെയും സാറാമ്മയുടെയും നാലാമത്തെ മകനായി ജനിച്ചു. സണ്ണി, ഉമ്മച്ചൻ, പരേതയായ ശാന്ത എന്നിവർ സഹോദരങ്ങൾ. പരുമല തിരുമേനിയുടേയും തന്റെ ഗുരുനാഥനായ പെരുമ്പള്ളി തിരുമേനിയുടേയും അതേ പേരുകാരനാണ്.

പെരുമ്പിള്ളി പ്രൈമറി, മുളന്തുരുത്തി ഹൈസ്കൂൾ എന്നിവിടങ്ങളിലെ സ്കൂൾ പഠനശേഷം പെരുമ്പിള്ളി സെയ്ന്റ് ജെയിംസ് തിയോളജിക്കൽ സെമിനാരിയിൽ വൈദിക പഠനം നടത്തി. മഹാരാജാസ് കോളേജിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. 1988ൽ അയർലൻഡിൽ സെയ്ന്റ് പാട്രിക് കോളേജിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദവും 1991ൽ ഡബ്ലിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഫിലും അമേരിക്കയിൽനിന്ന് ക്ലിനിക്കൽ പാസ്റ്ററൽ ആൻഡ് കൗൺസലിങ്ങിൽ ഡിപ്ലോമയും നേടി.

മുളന്തുരുത്തി മാർത്തോമൻ യാക്കോബായ സുറിയാനി കത്തീഡ്രലാണ് മാതൃ ഇടവക. 1974 മാർച്ച് 25 വചനിപ്പ് പെരുന്നാൾ ദിവസം മഞ്ഞനിക്കര ദയറായിൽ വെച്ച് 13-ാം വയസ്സിൽ കൊച്ചി ഭദ്രാസനത്തിന്റെ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത (പെരുമ്പിള്ളി തിരുമേനി) കോറൂയോ പട്ടം കൊടുത്തു. 1984 മാർച്ച് 25ന് മാർ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവ കശ്ശീശാ പദവിയിലേക്ക് ഉയർത്തി. 1984 മുതൽ നാലുവർഷം ബെംഗളൂരു സെയ്ന്റ് മേരീസ് പള്ളി വികാരിയായി. അയർലൻഡിലെ പഠനകാലത്ത് ലണ്ടനിൽ പള്ളി സ്ഥാപിച്ച് അഞ്ചുവർഷം വികാരിയായിരുന്നു.

1994 ജനുവരി 14ന് പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവ ഡമാസ്കസിൽ വച്ച് റമ്പാനായി ഉയർത്തി. 1994 ജനുവരി 16ന് 33-ാം വയസ്സിൽ പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

അഖില മലങ്കര സൺഡേ സ്കൂൾ അസോസിയേഷൻ പ്രസിഡന്റ്, മഞ്ഞനിക്കര തീർഥയാത്രാസംഘം പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. 2019ൽ സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി തിരഞ്ഞെടുത്തു. 2024 ഫെബ്രുവരിയിൽ മലങ്കരയിലെത്തിയ പാത്രിയർക്കീസ് ബാവ മലങ്കര മെത്രാപ്പോലീത്തയായി പ്രഖ്യാപിച്ചു.

പുതിയ ബാവയെ വരവേൽക്കാൻ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ഒരുക്കങ്ങൾ തുടങ്ങി. 30ന് ഉച്ചകഴിഞ്ഞ് 2.15ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തുന്ന നവാഭിഷിക്ത കാതോലിക്കാ ബാവയെ സഭയിലെ മെത്രാപ്പോലീത്തമാരും സഭാ ഭാരവാഹികളും ചേർന്ന് സ്വീകരിക്കും.

പാത്രിയർക്കീസ് ബാവയുടെ പ്രതിനിധികളായി കേരളത്തിലെത്തുന്ന ബയ്റുത്തിന്റെ ആർച്ച് ബിഷപ്പ് മാർ ഡാനിയേൽ ക്ലിമീസ് മെത്രാപ്പോലീത്തയുടെയും ഹോംസ് ആർച്ച് ബിഷപ്പ് മാർ തീമോത്തിയോസ് റത്താ അൽഖുറിയുടെയും പ്രധാന കാർമികത്വത്തിലും സഭയിലെ മെത്രാപ്പോലീത്തമാരുടെയും സഹകാർമികത്വത്തിലും സ്ഥാനാരോഹണ സുന്ത്രോണീസോ ശുശ്രൂഷ നടക്കും. അനുമോദന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

April 1: **International Fun At Work Day**

This day encourages employees and employers to incorporate fun into the workplace, fostering a positive and enjoyable work environment.

April 1: **Edible Book Day**

A quirky celebration where people create edible works of art inspired by books, promoting reading and creativity through food.

April 1: **Fossil Fools Day**

An observance to raise awareness about climate change and fossil fuels, encouraging individuals to reflect on environmental issues and their impact.

# മയാമിയിൽ വേറിട്ട അനുഭവവുമായി വനിതാദിനം ആഘോഷിച്ചു



മയാമി: ക്നാനായ കത്തോലിക്കരുടെ കൂട്ടായ്മയായ കെ.സി.എ.എസ്.എഫിന്റെ വനിതാ വിഭാഗമായ കെ.സി.ഡബ്ല്യു.എഫ്. മയാമിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8ന് ഹോളിവുഡിൽ ഹൗളി പോട്ടൂരിന്റെ ഉടമസ്ഥതയിലുള്ള പെപ്പേഴ്സ് ഇന്ത്യൻ യൂണിയനിൽവെച്ച് വനിതാദിനം ആഘോഷിച്ചു.

മയാമി കെ.സി.ഡബ്ല്യു.എഫിന്റെ പുതിയ ഭാരവാഹികളായ റോഷ്നി കണിയാംപറമ്പിൽ (പ്രസിഡന്റ്), സിന്ധു തെക്കനാട്ട് (സെക്രട്ടറി), വിജയമ്മ മണ്ണാട്ടുപറമ്പിൽ (വൈസ് പ്രസിഡൻറ്), സംഗീത ചാരത്ത് (ജായിന്റ് സെക്രട്ടറി), ഷിനു പള്ളിപ്പറമ്പിൽ (ട്രഷറർ, കെ.സി.ഡബ്ല്യു.എഫ്.എൻ.എ. ആർ.വി.പി.) എന്നിവർ നേതൃത്വം വഹിച്ചു. ശ്രീസ്വാതിതിരുനാൾ സംഗീതകോളേജിൽനിന്നും നടനഭൂഷണം റാങ്കു ജേതാവ് പമീല രവീന്ദ്രന്റെ ഡാൻസ് ഇതിന്റെ ഭാഗമായി നടന്നു.

മയാമി വിമൻസ് ഫോറത്തിന് ഇന്നലകളിൽ നേതൃത്വം നൽകിയ മുൻകാല പ്രസിഡന്റുമാരെ ആദരിക്കുകയും അവരുടെ സേവനങ്ങളെ അനുമോദിക്കുകയും ചെയ്തു.

# മാർത്തോമ്മാ ഫാമിലി കോൺഫ്രൻസിന്റെ രജിസ്ട്രേഷൻ ന്യൂ ജേഴ്സിയിൽ പുരോഗമിക്കുന്നു



– **ജീമോൻ റാന്നി**

മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റിയിൽ നിന്നുള്ള ഓരോ സംഘങ്ങൾ ഫെബ്രുവരി 16, 23 മാർച്ച് 2 എന്നീ തീയതികളിൽ ന്യൂ ജേഴ്സിയിലുള്ള സെന്റ് സ്റ്റീഫൻസ്, റെഡീമർ, സെന്റ് പീറ്റേഴ്സ്, സീയോൺ മുതലായ ഇടവകകൾ സന്ദർശിച്ചു. ഇടവക വികാരിമാരായ റവ. അരുൺ എസ്സ്. വർഗീസ്, റവ. ജെസ്സ് എം.ജോർജ്, റവ.ടി.എസ്സ്. ജോൺ, എന്നിവർ സന്ദർശകരെ അതാതു ഇടവകകളിലേക്കു സ്വാഗതം ചെയ്തു.

കോൺഫ്രൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ, കോൺഫ്രൻസ് തീം, സുവനീറിന്റെ വിശദാംശങ്ങൾ, ആദ്യമായി ഉൾപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പാക്കേജ് അതിലെ ആകർഷണീയമായ അവസരങ്ങൾ, ഫാമിലി കോൺഫ്രൻസിൽ ഇദംപ്രഥമമായി ക്രമീകരിക്കുന്ന ഇംഗ്ലീഷ് ട്രാക്ക്, ഭിന്നശേഷിയുള്ളവർക്കുള്ള ട്രാക്ക് എന്നിവയെപ്പറ്റി വിവിധ കൺവീനർമാർ പ്രസ്താവന നടത്തി.

ജൂലൈ മാസം 3 മുതൽ 6 വരെ ലോങ്ങ് ഐലൻഡ് മെൽവിൽ മാരിയറ്റ് ഹോട്ടലിൽ വെച്ച് നടക്കുന്ന കോൺഫ്രൻസിലേക്കു എല്ലാവരെയും സ്വാഗതം ചെയ്യുകയും ഇടവകകൾ നൽകിയ മികച്ച പിന്തുണക്ക് ഇടവക വികാരിമാരോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം ഹൃദയംഗമായ നന്ദി അറിയിച്ചു.

തോമസ് ജേക്കബ് (ഷാജി), ശാമുവേൽ കെ. ശാമുവേൽ, ചെറിയാൻ വർഗീസ്, ജിജി ടോം, ഡോ.ബെറ്റ്സി മാത്യു, തോമസ് ഉമ്മൻ, ഷേർളി തോമസ്, ഏബ്രഹാം തരിയത്, ജിഷു ശാമുവേൽ, ദിലീപ് മാത്യു, തോമസ് ബിജേഷ്, ലിബിൻ വർഗീസ്, ബീനാ ജോൺ, റിയാ വർഗീസ്, മേരിക്കുട്ടി ഏബ്രഹാം എന്നിവർ സന്ദർശക ടീമുകളിലുണ്ടായിരുന്നു.

# ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് പ്രഥമൻ ബാവ അഭിഷിക്തനായി

*2-ാം പേജിൽ നിന്നും*

ആന്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ.ഡോ. നൈനാൻ വി.ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ.ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ.നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (914 8064595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (917 612 8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (917 533 3566) എന്നിവരുമായി ബന്ധപ്പെടുക.

# മാർത്തോമ്മാ സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് സമാപിച്ചു

**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ സൗത്ത് വെസ്റ്റ് റീജിയൻ ഇടവക മിഷൻ, സേവികാ സംഘം, സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ 12-ാമത് സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് മാർച്ച് 21, 22 തീയതികളിൽ ട്രിനിറ്റി മാർത്തോമാ ദേവാലയത്തിൽ നടന്നു.

മാർച്ച് 21 നു വെള്ളിയാഴ്ച വൈകുന്നേരം 6ന് കോൺഫറൻസ് ഗായകസംഘത്തിന്റെ നേതൃത്വത്തിൽ 'സത്യത്തിന്റെ പാതയിൽ സ്നേഹത്തിൻ കൊടിയുമായി' എന്ന ഗാനം പാടി വൈദിക ശ്രേഷ്ഠർ, റീജിയണൽ ഭാരവാഹികൾ, കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സൺഡേ സ്കൂൾ ഹാളിൽ നിന്നും ആരംഭിച്ച ഘോഷയാത്ര കോൺഫറൻസിന് ധന്യമായ തുടക്കംനൽകി.

സംഗീത ശുശ്രൂഷയ്ക്കും ആരാധനയ്ക്കും ശേഷം ജനറൽ കൺവീനർ എബ്രഹാം.കെ.ഇടിക്കുള സ്വാഗതം പറഞ്ഞു. ട്രിനിറ്റി മാർത്തോമാ ഇടവക വികാരിയും കോൺഫറൻസ് പ്രസിഡന്റുമായ റവ.സാം കെ ഈശോ അദ്ധ്യക്ഷത വഹിച്ചു. വൈദിക ശ്രേഷ്ഠരും ഭാരവാഹികളും ചേർന്ന് നിലവിളക്ക് കൊളുത്തി സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ഇടവക മിഷൻ റീജിയണൽ സെക്രട്ടറി സാം അലക്സ്, സേവികാ സംഘം റീജിയണൽ സെക്രട്ടറി ജൂലി സഖറിയാ, സീനിയർ സിറ്റിസൺ റീജിയണൽ സെക്രട്ടറി ഈശോ മാളിയേക്കൽ എന്നിവർ ആശംസകൾ അറിയിച്ചു.

ട്രിനിറ്റി കലാവേദി അവതരിപ്പിച്ച 'വിശ്വാസവും പ്രവർത്തിയും' എന്ന പേരിൽ അവതരിപ്പിച്ച സ്കിറ്റ് ശ്രദ്ധേയമായി. ജോർജ് ശാമുവേൽ രചനയും സംവിധാനവും നിർവഹിച്ചു.

ശനിയാഴ്ച ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവക വികാരി റവ. അലക്സ് യോഹന്നാൻ പഠന ക്ലാസ്സുകൾക്കും ലബ്ബക്, സാൻ അന്റോണിയോ ഇടവകകളുടെ വികാരി റവ. ജെയിംസ് കെ.ജോൺ ബൈബിൾ ക്ലാസ്സിനും നേതൃത്വം നൽകി.

എബ്രഹാം മാമ്മൻ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ശനിയാഴ്ച നടന്ന രണ്ടാമത്തെ സെഷനിൽ ഈ ഏപ്രിലിൽ നാട്ടിലേക്കു സ്ഥലം മാറി പോകുന്ന 7 വൈദികർക്ക് യാത്രയയപ്പു നൽകി. റവ.ഡോ. ജോസഫ് ജോൺ അധ്യക്ഷത വഹിച്ചു.

റവ.സാം കെ.ഈശോ, റവ.അലക്സ് യോഹന്നാൻ, റവ.എബ്രഹാം തോമസ്, റവ.ജോബി ജോൺ, റവ.ജോൺ കുഞ്ഞപ്പി, റവ.സന്തോഷ് തോമസ്, റവ. ഷൈജു സി, ജോയ് എന്നിവർക്കാണ് യാത്രയയപ്പ് നൽകിയത്. വൈദികരെ പ്രധിനിധീകരിച്ചു റവ. സോനു വർഗീസ്, വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് റോബി ചെലഗിരി, ജോളി ബാബു,ടി.എ മാത്യു, സജി ജോർജ്, ജൂലി സഖറിയാ, എബ്രഹാം ഇടിക്കുള തുടങ്ങിയവർ ആശംസകളർപ്പിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്തു.

നാട്ടിലേക്കു യാത്രയായി പോകുന്ന വൈദികരെ പ്രതിനിധീകരിച്ചു റവ.ഷൈജു സി.ജോയ് മറുപടി പ്രസംഗം നടത്തി. റവ. സന്തോഷ് തോമസിന്റെ പ്രാർത്ഥനയ്ക്കും റവ. ഉമ്മൻ ശാമുവേലിന്റെ ആശിർവാദത്തിനും ശേഷം കോൺഫറൻസ് സമാംഗളം പര്യവസാനിച്ചു. കാരോൾട്ടൻ ഇടവക വികാരി റവ.ഷിബി എബ്രഹാമും സന്നിഹിതനായിരുന്നു.

ഡാളസ്, ഹൂസ്റ്റൺ, ഓസ്റ്റിൻ, ഒക്ലഹോമ, സാൻ അന്റോണിയോ, ലബ്ബക്, കാൻസസ് ഇടവകകളിൽനിന്നും 470 അംഗങ്ങൾ കോൺഫറൻസിൽ പങ്കെടുത്തു. ജീമോൻ റാന്നി, ഷീബ ജോസ് എന്നിവർ എംസിമാരായി ▶10



*ഹൂസ്റ്റൺ മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ സൗത്ത് വെസ്റ്റ് റീജിയൻ ഇടവക മിഷൻ, സേവികാ സംഘം, സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന 12-ാമത് സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസിൽ നിന്നും.*

# രജത ജൂബിലി നിറവിൽ ചിക്കാഗോ സിറോ മലബാർ രൂപത; ആഘോഷങ്ങൾക്ക് പ്രൗഢഗംഭീര തുടക്കം



**– ഷോളി കുമ്പിളുവേലി**

ചിക്കാഗോ: അമേരിക്കയിലെ സിറോ മലബാർ വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടേയും അഭ്യർത്ഥനയുടേയും ഫലമായി, 2001 മാർച്ച് 13 നു രൂപീകൃതമായ ചിക്കാഗോ സിറോ മലബാർ രൂപത അനുഗ്യഹീതമായ കാൽ നൂറ്റാണ്ട് പിന്നിടുന്നു.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ആശീർവാദത്തോടെ, ഇൻഡ്യയ്ക്കു പുറത്തു സ്ഥാപിതമായ ആദ്യ സിറോ മലബാർ രൂപത എന്ന ഖ്യാതിയും ചിക്കാഗോ രൂപതക്കു സ്വന്തം.

ഒരുവർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾക്ക്, മാർച്ച് 22നു ശനിയാഴ്ച തുടക്കമായി. ചിക്കാഗോ സെൻറ് തോമസ് സിറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ, രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ നിരവധി വൈദികർ ചേർന്ന് അർപ്പിച്ച കൃതജ്ഞത ബലിക്കുശേഷം നടന്ന ചടങ്ങിൽ, ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് നിലവിളക്കു കൊളുത്തി ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. രൂപതയുടെ സ്ഥാപക ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക സിൽവർ ജൂബിലിക്കും തുടക്കം കുറിച്ചു.

കഴിഞ്ഞ ഇരുപത്തഞ്ചു വർഷം ലഭിച്ച ദൈവകൃപക്ക് നന്ദി പറയുന്നതിനോടൊപ്പം, രൂപതയുടെ തുടക്കകാലത്തു നേതൃത്വം നൽകിയ മാർ അങ്ങാടിയത്തിനേയും, അക്കാലത്തു സേവനം ചെയ്ത വൈദികരെയും നന്ദിയോടെ സ്മരിക്കുന്നതായി മാർ ആലപ്പാട്ട് പറഞ്ഞു. മാർ അങ്ങാടിയത്തിന്റെ ത്യാഗോജ്വലമായ പ്രവർത്തനം കൊണ്ടും നേതൃപാടവുംകൊണ്ടുമാണ് ചിക്കാഗോ രൂപതക്കു ചുരുങ്ങിയ കാലംകൊണ്ട് അമേരിക്കയിൽ ശക്തമായി വേരുറപ്പിക്കുവാൻ കഴിഞ്ഞത്. ഇന്ന്, അമ്പതിൽപരം ഇടവകകളും, മുപ്പത്തേഴു മിഷനുകളും ഉള്ള ചിക്കാഗോ രൂപതയുടെ കീഴിൽ എഴുപതോളും വൈദികർ സേവനം ചെയ്യുന്നു. ഒരു ലക്ഷത്തോളും വിശ്വാസികൾ ചിക്കാഗോ രൂപതയിൽ ഉണ്ട്. അതുപോലെ പതിനായിരത്തിലധികം കുട്ടികൾ വിവിധ ഇടവകകളിയായി സൺഡേസ്കൂളിൽ പഠിക്കുന്നു. കഴിഞ്ഞ ഇരുപത്തഞ്ചു വർഷം കൊണ്ട് ധാരാളം ദൈവവിളികൾ ചിക്കാഗോ രൂപതയിൽനിന്നുമുണ്ടായി. തദ്ദേശീയരായ ഏഴു വൈദികർ ഇപ്പോൾത്തന്നെ രൂപതയിൽ സേവനം ചെയ്യുന്നു. നിലവിൽ ഏഴുപേർ വിവധ സെമിനാരികളിൽ പഠനം നടത്തുന്നു. നമ്മുടെ വളർച്ചയിൽ, അമേരിക്കയിലെ വിവിധ കത്തോലിക്ക രൂപതകളുടെ സഹായസഹകരണങ്ങൾ എടുത്തു പറയേണ്ടതാണെന്നും, അവരോടുള്ള നന്ദി അറിയിക്കുന്നതായും മാർ ജോയ് ആലപ്പാട്ട് പറഞ്ഞു.

സിൽവർ ജൂബിലിയുടെ ഭാഗമായി ഇടവക തലത്തിലും രൂപതാ തലത്തിലും ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ കർമ്മ പദ്ധതികൾക്ക് രൂപം നൽകിവരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം മെയ് 23, 24, 25 തീയതികളിൽ ന്യൂജേഴ്സിയിലെ സോമർസെറ്റ് ഇടവകയിൽ വച്ച് യൂക്കിരിസ്റ്റിക് റിവൈവൽ കോൺഗ്രസ് നടത്തുന്നു. രണ്ടായിരത്തോളും വിശ്വാസികൾ പങ്കെടുക്കുന്ന യൂക്കിരിസ്റ്റിക് റിവൈവിൽ അമേരിക്കയിൽനിന്നും കേരളത്തിൽനിന്നുമായി പ്രശസ്ത വചന പ്രഘോഷകർ പങ്കെടുക്കും. കുട്ടികൾക്കും യുവജനങ്ങൾക്കും ഇംഗ്ലീഷ് ഭാഷയിലും പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും. സിൽവർ ജൂബിലിയുടെ ഭാഗമായി, 2026ൽ ചിക്കാഗോയിൽ വച്ചു വിപുലമായ രീതിയിൽ സിറോ മലബാർ കൺവൻഷനും നടത്തുന്നതാണ്. ▶4

# കൊപ്പേൽ ഇടവകയിൽ പുതുതായി 22 കുട്ടികൾ അൾത്താര ശുശ്രൂഷയിലേക്ക്

കൊപ്പേൽ: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ഇടവകയിൽ ഇരുപത്തിരണ്ടു ബാലന്മാർ അൾത്താര ശുശ്രൂഷയിലേക്ക് പ്രവേശിച്ചു.

ചിക്കാഗോ സീറോ മലബാർ രൂപതയിൽ, ഇതാദ്യമായാണ് ഒരു ഇടവകയിൽ ഇത്രയും കുട്ടികൾ ഒന്നിച്ചു ശുശ്രൂഷാ പദവിക്ക് യോഗ്യത നേടുന്നത്.

മാർച്ച് 14ന് വിശുദ്ധ കുർബാനക്കു മുൻപേ നടന്ന ചടങ്ങിൽ വികാരി ഫാ.മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ.ജിമ്മി എടക്കുളത്തൂർ എന്നിവർ ശുശ്രൂഷാ ബാലന്മാരെ ആശീർവദിച്ചു കൊത്തീനയും തിരുവസ്ത്രവും നൽകി.

വി. അൽഫോൻസാമ്മക്കു പ്രതിഷ്ഠിതമായിരിക്കുന്ന രീതിയിൽ തിരുവസ്ത്രങ്ങൾ അണിഞ്ഞു ധവള ധാരികളായി 22 ബാലന്മാരും തങ്ങളുടെ ആദ്യ അൾത്താര സേവനത്തിനു തുടക്കം കുറിച്ചു. പുരോഹിതരോടൊപ്പം ഇവർ മദ്ബഹായിൽ പ്രവേശിച്ചപ്പോൾ ഇടവകക്കും അത് ധന്യമുഹൂർത്തമായി.

ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികനെ ബലിയിൽ സേവിക്കുക വഴി ഓരോ ശുശ്രൂഷകനും കർത്താവായ യേശുക്രിസ്തുവിനോടും അവിടുത്തെ സിംഹാസനമായ ബലിപീഠത്തോടും ഏറ്റവും അടുത്ത് നിൽക്കുവാനുള്ള യോഗ്യത നേടുന്നു. ഈ വിശ്വാസത്തിൽ ഓരോ മദ്ബഹാ ശുശ്രൂഷകനും തങ്ങളുടെ ശുശ്രൂഷകളിലൂടെ ദൈവ നിയോഗമാണ് അനുവർത്തിക്കുന്നത്.

ജോർജ് ജോസഫ്, ലിയോൺ തോമസ് എന്നിവർ കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ നേതൃത്വം നൽകി.



*കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ഇടവകയിൽ ഇരുപത്തിരണ്ടു ബാലന്മാർ അൾത്താര ശുശ്രൂഷയിലേക്ക് പ്രവേശിച്ചപ്പോൾ.*

# വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രൊവിൻസ് പുതിയ ഭാരവാഹികൾ







ഹൂസ്റ്റൺ: ആഗോള സംഘടനയായ വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രൊവിൻസ് ചെയർമാനായി അഡ്വ. ലാൽ അബ്രഹാമിനെയും പ്രസിഡന്റായി തോമസ് സ്റ്റീഫനെയും തെരഞ്ഞെടുത്തു.

അല്ലി ജോപ്പൻ (വൈസ് ചെയർ പേഴ്സൺ) ബിജു എബ്രഹാം (വൈസ് പ്രസിഡന്റ് അഡ്മിൻ), സായി ഭാസ്കർ (വൈസ് പ്രസിഡന്റ് ഓർഗനൈസേഷൻ), ജോൺ വർഗീസ് (ജോയിന്റ് സെക്രട്ടറി), മാമൻ ജോർജ് (ട്രഷറർ), ചെറിയാൻ മാത്യു (ജോയിന്റ് ട്രഷറർ), ഡോ.അലോണ ജോപ്പൻ (യൂത്ത് ഫോറം ചെയർ) എന്നിവരാണ് ഭാരവാഹികൾ.

ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ, സെക്രട്ടറി ജനറൽ ദിനേശ് നായർ, ട്രഷറർ ഷാജി മാത്യു, അഡ്മിൻ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, വൈസ് പ്രസിഡന്റ് ഡോ. തങ്കം അരവിന്ദ്, ജോയിന്റ് ട്രഷറർ ഡോ.ഷിബു സാമുവേൽ എന്നിവർ ഭാരവാഹികളെ അഭിനന്ദിച്ചു.

ജൂലായ് 25 മുതൽ മൂന്ന് ദിവസം ബാങ്കോക്കിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ആഗോള ദ്വിവത്സര സമ്മേളനത്തിന് ഹൂസ്റ്റൺ പ്രോവിൻസിന്റെ പിന്തുണയും സജീവ പങ്കാളിത്തവും ഉണ്ടാകണമെന്ന് സംഘാടക സമിതി ചെയർമാൻ ഡോ.ബാബു സ്റ്റീഫൻ (യു.എസ്.എ), അജോയ് കല്ലൻകുന്നിൽ (തായ്‌ലാൻഡ്) ജനറൽ കൺവീനർ, സുരേന്ദ്രൻ കണ്ണാട്ട് (ഹൈദരാബാദ്) വൈസ് ചെയർമാൻ എന്നിവർ അഭ്യർത്ഥിച്ചു.

## രജത ജൂബിലി നിറവിൽ ചിക്കാഗോ സിറോ മലബാർ രൂപത; ആഘോഷങ്ങൾക്ക് പ്രൗഢഗംഭീര തുടക്കം

*2-ാം പേജിൽ നിന്നും*

സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നാളിതുവരെയുള്ള പ്രവർത്തങ്ങളെ വിലയിരുത്തുകയും, അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് രൂപതയെ നയിക്കുവാനും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുമായിഎപ്പാർക്കിയൽ അസ്സംബ്ലി കഴിഞ്ഞ ഒക്ടോബർ 28, 29,30,31 തീയതികളിൽ ചിക്കാഗോയിൽവച്ചു കൂടുകയുണ്ടായി. രൂപതയുടെ മുന്നോട്ടുള്ള പ്രയാണം, പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനുള്ള പദ്ധതികൾ, രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ച, കുട്ടികളുടെ വിശ്വാസ പരിശീലനം, അവരെ വിശ്വാസത്തിൽ അടിയുറച്ചു നിലനിർത്തുക തുടങ്ങി വിവിധ മേഖലകളിൽ സ്വീകരിക്കേണ്ട മാർഗനിർദ്ദേശങ്ങൾ അടങ്ങിയ രൂപരേഖ സിൽവർ ജൂബിലി ഉദ്ഘാടനവേദിയിൽ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് പുറത്തിറക്കി. സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുവാനും, സമൂഹത്തിനു ഉപകാരപ്രദമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുവാനും രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് വിശ്വാസികളെ ആഹ്വാനം ചെയ്തു. ചിക്കാഗോ സെൻറ് തോമസ് സിറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ചടങ്ങുകളിൽ വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെയുള്ള വലിയൊരു വിശ്വാസി സമൂഹം പങ്കെടുത്തു. വികാരി ജനറാൾമാരായ റവ.ഫാ. ജോൺ മേലേപ്പുറം, റവ.ഫാ. തോമസ് മുളവനാൽ, റവ.ഫാ. തോമസ് കടുകപ്പള്ളി, ചാൻസലർ റവ. ഫാ.ജോർജ് ദാനവേലിൽ, സിൽവർ ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാല, കത്തീഡ്രൽ ദേവാലയ ട്രസ്റ്റിമാർ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.

# ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ന്യൂ ജേഴ്സിയിൽ



**– അനിൽ ആറൻമുള**

ന്യൂ യോർക്ക്: വടക്കെ അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് 2025 ഒക്ടോബർ 9 മുതൽ 11 വരെ ന്യൂ ജേഴ്സിയിലെ എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ നടക്കും.

കോൺഫറൻസ് വേദിയായ ഷെറാട്ടൺ ഹോട്ടൽ ജനറൽ മാനേജരായ ജാസ്സി സിങ്ങും ഇന്ത്യ പ്രസ് ക്ലബ് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ എന്നിവരുമായി ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ മാധ്യമപ്രവർത്തകരും, സാമൂഹ്യ സാംസ്കാരിക നേതാക്കളും, കമ്മ്യൂണിറ്റി നേതാക്കന്മാരും, വ്യാപാരി വ്യവസായികളും വേദി സന്ദർശിക്കുകയും ആവശ്യമായ ഒരുക്കങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. ഐ.പി.സി. എൻ.എ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രഷറർ ബിനു തോമസും മറ്റു ഭാരവാഹികളും ആണ് കോൺഫറൻസിന്റെ ആതിഥേയത്വം വഹിക്കുന്നത്.

30 ശതമാനത്തിലേറെ ഇന്ത്യാക്കാരുള്ള അമേരിക്കയിലെ ഏക നഗരമാണ് എഡിസൺ. എഡിസൺ മേയർ സാം ജോഷി യുവാവായ ഇന്ത്യാക്കാരനാണ്. എന്തുകൊണ്ടും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ കോൺഫറൻസ് നടത്താൻ അനുയോജ്യമാണ് ഈ വേദി എന്ന് മാധ്യമപ്രവർത്തകരും സാമൂഹ്യ സാംസ്കാരിക നേതാക്കളും അഭിപ്രായപ്പെട്ടു, മാത്രവുമല്ല ന്യൂവാർക്ക് അന്താരഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 20 മിനിറ്റ് മാത്രം അകലയെയാണ് ഈ ഹോട്ടൽ സമുച്ചയം നില കൊള്ളുന്നത്. അമേരിക്കൻ മണ്ണിലെ മലയാള മാധ്യമപ്രവർത്തക കൂട്ടായ്മയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാവും 11-ാമത് കോൺഫറെൻസ് എന്ന് വിലയിരുത്തുന്നു.

2006 വർഷത്തിൽ ആദ്യമായി എളിയ രീതിയിൽ തുടങ്ങിയ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ഇന്ന് വളർന്നു പന്തലിച്ചു എന്നത് അഭിമാനകരമാണ്. അന്ന് മുഖ്യ പ്രഭാഷകനായി വന്നത് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ആയിരുന്ന തോമസ് ജേക്കബ് ആയിരുന്നു. മലയാള മാധ്യമ രംഗത്തെ പ്രവർത്തനങ്ങളുടെ അവലോകനത്തോടൊപ്പം, അമേരിക്കയിലെ മാധ്യമ പ്രവർത്തകർക്ക് പ്രചോദനം ആകുന്ന ഒരു കോൺഫറൻസ് ആയിരിക്കും ഇത്. കേരളത്തിലെ ഒട്ടുമിക്ക മുഖ്യധാരയിൽ നിന്നുള്ള മാധ്യമ പ്രവർത്തകരെയും രാഷ്ട്രീയ രംഗത്തെ അതികായരെയും പങ്കെടുപ്പിച്ചും കൊണ്ടാണ് ഇത്തവണയും കോൺഫറൻസ് നടക്കാൻ പോകുന്നത്. ന്യു ജേഴ്സിയിൽ മുൻപ് മൂന്നു തവണ കൺവെൻഷൻ വ്യത്യസ്ത വേദികളിൽ നടന്നിട്ടുണ്ട്. അവയിലെല്ലാം വലിയ ▶3

# ഐ.കെ.സി.സി സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു



ഇന്ത്യൻ ക്നാനായ കമ്മ്യൂണിറ്റി സെന്റർ ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് സ്ഥാപിതമായതിന്റെ അൻപതാം വാർഷികാഘോഷങ്ങളുടെ ഉൽഘാടനം കെ.സി.സി.എൻ.എ നാഷണൽ കൗൺസിലിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. പുതിയ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ, മുൻ പ്രസിഡന്റുമാരായ ഷാജി എടാട്ട്, സിറിയക് കൂവക്കാട്ടിൽ, അനി മഠത്തിൽത്താഴെ, ബേബി മണക്കുന്നേൽ, ഷിൻസ് ആകശാല, ടോമി മ്യാൽകരപുരം, മുൻ ഭാരവാഹികൾ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ ഉദ്ഘാടനകർമം നിർവഹിക്കപ്പെട്ടു. കമ്മ്യൂണിറ്റി സെന്ററിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്കും തിരിതെളിഞ്ഞു. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾക്കാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ജൂബിലി ആഘോഷങ്ങളുടെ സമാപനം 2026 ഏപ്രിൽ 11 ശനിയാഴ്ച്ച നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസിഡന്റ് സ്റ്റീഫൻ കിടാരത്തിൽ, വൈസ് പ്രസിഡന്റ് മിനി തയ്യിൽ, സെക്രട്ടറി സാൽബി മാക്കിൽ, ജോ സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ തുടങ്ങിയവർ നേതൃത്വം നൽകി.

April 2: **National Walking Day**

A day promoting the health benefits of walking, encouraging individuals to incorporate more walking into their daily routines.

April 2: **Autism Awareness Day**

A day dedicated to increasing awareness and understanding of autism spectrum disorders, promoting acceptance and support for individuals with autism.

April 3: **World Party Day**

This day celebrates the joy of coming together to celebrate life, promoting harmony and peace through communal festivities and gatherings.

April 3: **Don't Go to Work Unless it's Fun Day**

An informal observance encouraging people to take a break from work and engage in enjoyable activities instead.

## പ്രമുഖ ഡെമോക്രാറ്റുകളുടെ സുരക്ഷാ അനുമതികൾ ട്രംപ് റദ്ദാക്കി

വാഷിംഗ്ടൺ ഡി സി: മുൻ വൈസ് പ്രസിഡന്റ് കമല ഹാരിസ്, മുൻ സ്റ്റേറ്റ് സെക്രട്ടറി ഹിലരി ക്ലിന്റൺ, ബൈഡൻ ഭരണകൂടത്തിലെ നിരവധി അംഗങ്ങൾ, മറ്റ് പ്രമുഖ ഡെമോക്രാറ്റുകൾ എന്നിവരുടെ സുരക്ഷാ അനുമതികൾ വെള്ളിയാഴ്ച രാത്രി പ്രസിഡന്റ് ട്രംപ് റദ്ദാക്കി.

മുൻ പ്രസിഡന്റ് ജോ ബൈഡന്റെ സുരക്ഷാ അനുമതി പിൻവലിക്കുന്നതായി കഴിഞ്ഞ മാസം ട്രംപ് പ്രഖ്യാപിച്ചതിന് ശേഷമാണ് ഈ നീക്കം. വെള്ളിയാഴ്ച ഒരു മെമ്മോയിൽ, മുഴുവൻ ബൈഡൻ കുടുംബത്തിന്റെയും സുരക്ഷാ അനുമതികൾ റദ്ദാക്കുന്നതായി പ്രസിഡന്റ് പറഞ്ഞു.

മുൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ, മുൻ പ്രതിനിധി ആദം കിൻസിംഗർ, വിരമിച്ച ലെഫ്റ്റനന്റ് കേണൽ അലക്സാണ്ടർ വിൻഡ്മാൻ, ന്യൂയോർക്ക് അറ്റോർണി ജനറൽ ലെറ്റിഷ്യ ജെയിംസ്, മാൻഹട്ടൻ അറ്റോർണി ജനറൽ ആൽവിൻ ബ്രാഗ്, മുൻ വൈറ്റ് ഹൗസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവൻ, മുൻ പ്രതിനിധി എലിസബത്ത് ചെനി, മുൻ വൈറ്റ് ഹൗസ് റഷ്യ വിദഗ്ദ്ധ ഫിയോണ ഹിൽ, മുൻ ഡെപ്യൂട്ടി അറ്റോർണി ജനറൽ ലിസ മൊണാക്കോ, ചെക്ക് റിപ്പബ്ലിക്കിലെ മുൻ യുഎസ് അംബാസഡർ നോർമൻ ഐസൻ, ട്രംപിന്റെ ആദ്യ വൈറ്റ് ഹൗസ് കാലയളവിൽ ഉക്രെയ്നുമായുള്ള ഇടപാടുകളെക്കുറിച്ചുള്ള ആശങ്കകൾ റിപ്പോർട്ട് ചെയ്ത വിസിൽ ബ്ലോവറുടെ അഭിഭാഷകനായിരുന്ന അഭിഭാഷകൻ മാർക്ക് സെയ്ദ് എന്നിവർക്കും രഹസ്യ വിവരങ്ങളിലേക്കും സുരക്ഷാ അനുമതികളിലേക്കുമുള്ള പ്രവേശനം നഷ്ടപ്പെട്ടു.

വെള്ളിയാഴ്ചത്തെ മെമ്മോ പ്രസിഡന്റിന്റെ ഡെയ്‌ലി ബ്രീഫ് പോലുള്ള രഹസ്യ വിവരങ്ങളുടെ രസീതിനും, പേരുള്ള വ്യക്തികളുടെ കോൺഗ്രസിലെ മുൻകാല കാലാവധിയുടെ അടിസ്ഥാനത്തിൽ ഇന്റലിജൻസ് കമ്മ്യൂണിറ്റിയിലെ ഏതെങ്കിലും അംഗത്തിന്റെ കൈവശമുള്ള രഹസ്യ വിവരങ്ങളിലേക്കുള്ള പ്രവേശനത്തിനും ബാധകമാണ്.

## ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ന്യൂ ജേഴ്സിയിൽ

*2-ാം പേജിൽ നിന്നും*

ജനപങ്കാളിത്തവും ലഭിച്ചിരുന്നു. ട്രൈസ്റ്റേറ്റ് മേഖലയിൽ നിന്നും വാഷിംഗ്ടണിൽ നിന്നുമൊക്കെ ഡ്രൈ വ് ചെയ്തു എത്താൻ പറ്റുന്നതാണ് വേദി.

ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, മുൻ പ്രസിഡന്റ് ജോർജ് ജോസഫ്, മുൻ ട്രഷറർ ജോർജ് തുമ്പയിൽ, ഐ.പി.സി.എൻ.എ ഫിലാഡൽഫിയ പ്രസിഡന്റ് അരുൺ കോവാട്ട്, ന്യൂ യോർക്ക് അംഗം ജോൺസൻ ജോർജ് എന്നീ മാധ്യമ പ്രവർത്തകർ, ഫൊക്കാന പ്രസിഡന്റ് സജി മോൻ ആന്റണി, ഫോമാ നാഷണൽ സെക്രട്ടറി ബൈജു വർഗീസ്, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ, ഫോമാ മുൻ പ്രസിഡന്റ് അനിയൻ ജോർജ്, ഫോമാ മുൻ സെക്രട്ടറി ജിബി മോളോപറമ്പിൽ, സാമൂഹിക സാംസ്കാരിക കലാ രംഗത്തെ പ്രമുഖരായ സണ്ണി വാണിയപ്ലാക്കൽ, സജി മാത്യു, മിത്രാസ് പ്രസിഡന്റ് രാജൻ ചീരൻ, ജിഷോ തോമസ്, പ്രമുഖ വ്യവസായിയും സംരഭകനുമായ നോഹ ജോർജ് ഗ്ലോബൽ കൊളീഷൻ എന്നിവരും വേദി കാണാനെത്തി. ഈ വർഷത്തെ പ്ലാറ്റിനം ഇവന്റ് ആന്റ് മെയിൻ സ്പോൺസർ സാജ് ഏർത് റിസോർട്ടിന്റെ ഉടമകളായ സാജൻ വർഗീസും മിനി സാജനുമാണ്.

ഓരോ കോൺഫെറെൻസുകളും ഒന്നിനൊ ന്നു മികച്ചു നിന്ന പാരമ്പര്യമാണ് പ്രസ് ക്ലബിനുള്ളതെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ചൂണ്ടിക്കാട്ടി. ഇപ്രാവശ്യവും അത് അങ്ങനെ തന്നെ ആയിരിക്കുമെന്നാണ് തങ്ങൾ കരുതുന്നത്. അതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ജനുവരിയിൽ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ നടത്തിയ പ്രസ് ക്ലബിന്റെ മാധ്യമശ്രീ, മാധ്യമരത്ന, പയനിയർ, മീഡിയ എക്സലൻസ് അവാർഡ് ദാന ചടങ്ങു വൻ വിജയമായി തീർന്നു. അതുമായി ബന്ധപ്പെട്ട് ചില വിമർശനങ്ങൾ വന്നുവെങ്കിലും അത് സമ്മേളനത്തെ ബാധിച്ചില്ലെന്ന് മാത്രമല്ല കൂടുതൽ ജനശ്രദ്ധ ലഭിക്കാൻ കാരണമാവുകയും ചെയ്തു എന്ന് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് പറഞ്ഞു.

കേരളത്തിൽ നടക്കുന്ന ടെലിവിഷൻ ചാനലുകളുടെ പുരസ്കാരവേദിക്കൊപ്പം കിട പിടിച്ച ഈ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തവർക്ക് ഏറ്റവും നല്ല അഭിപ്രായമാണുണ്ടായത്. കേരളത്തിൽ ഇത്തരത്തിലൊരു പുരസ്കാരവേദി ഒരുക്കുന്നത് വളരെ അധികം ശ്രമകരമാണെങ്കിലും ഇത് ഭംഗിയായി നടത്തിയതിന് എല്ലാവരും ഒന്നടങ്കം നന്ദി പറയുകയുണ്ടായി.

എല്ലാം കൊണ്ടും വ്യത്യസ്തമായതും, അമേ രിക്കയിലെ മാധ്യമപ്രവർത്തകർക്ക് പ്രയോജനം നല്കുന്നതിലൂന്നിയുള്ളതുമായ പ്രോഗ്രാമുകൾ ആണ് ഈ വർഷത്തെ കോൺഫറൻസിൽ വിഭാവനം ചെയ്യുന്നതെന്ന് അഡ്വൈ സറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്തു എന്നിവർ പറഞ്ഞു. ഹോട്ടൽ ബുക്കിംഗിനും രജിസ്ട്രേഷനുമുള്ള വെബ്സൈറ്റ് ഉടൻ പ്രവർത്തന സജ്ജമാകുമെന്ന് അറിയിച്ചു. കോൺഫറൻസിനും കേരളത്തിൽ നിന്നുള്ള ഏറ്റവും പ്രമുഖരായ മുതിർന്ന മാധ്യമപ്രവർത്തകരും, രാഷ്ട്രീയ നേതാക്കളും പങ്കെടുക്കും എന്നും ട്രഷറർ വിശാഖ് ചെറിയാൻ, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം എന്നിവർ പറഞ്ഞു.

## നായർ ബനവലന്റ് അസോസിയേഷന്റെ കുടുംബ സംഗമവും അക്കാഡമിക് അവാർഡ് നൈറ്റും



**- ജയപ്രകാശ് നായർ**

ന്യൂയോർക്ക്: ന്യൂയോർക്കിലുള്ള കൊട്ടില്യൺ റസ്റ്റോറന്റിൽ നായർ ബനവലന്റ് അസോസിയേഷൻ, വാർഷിക കുടുംബ സംഗമവും അക്കാഡമിക് അവാർഡ് നൈറ്റും സംഘടിപ്പിച്ചു. ജോ.സെക്രട്ടറി ജയപ്രകാശ് നായർ സ്വാഗതം ചെയ്തു. പ്രസിഡന്റ് ക്രിസ് തോപ്പിൽ ചീഫ് ഗസ്റ്റിനെയും അവാർഡുകൾ സ്വീകരിക്കുന്ന കുട്ടികളെയും പരിചയപ്പെടുത്തുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. ട്രസ്റ്റീ ബോർഡ് ആക്ടിംഗ് ചെയർമാൻ ഉണ്ണിക്കൃഷ്ണ മേനോൻ, എൻ.ബി.എയുടെ പ്രവർത്തനം മുൻ വർഷങ്ങളെ അപേക്ഷിച്ചു വളരെ മികച്ചു നിൽക്കുന്നു എന്നു പറയുകയുണ്ടായി.

പ്രസിഡന്റ് ക്രിസ് തോപ്പിൽ, പ്രഥമ വനിത വത്സ കൃഷ്ണ, മുഖ്യാതിഥി ഡോ. മധു ഭാസ്കർ, കെ.എച്ച്.എൻ.എ പ്രസിഡന്റ് ഡോ നിഷാ പിള്ള, മന്ത്ര ട്രസ്റ്റീ ബോർഡ് ചെയർമാൻ വിനോദ് കെയാർകെ, ട്രഷറർ രാധാമണി നായർ, ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ആക്ടിംഗ് ട്രസ്റ്റീ ബോർഡ് ചെയർമാൻ ഉണ്ണിക്കൃഷ്ണ മേനോൻ, ജോ. സെക്രട്ടറി ജയപ്രകാശ് നായർ, കൾച്ചറൽ കമ്മിറ്റി ചെയർ ഊർമ്മിള റാണി നായർ എന്നിവർ ചേർന്ന് ഭദ്രദീപം തെളിച്ചുകൊണ്ട് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

ഊർമ്മിള റാണി നായർ, ശോഭ കറുവക്കാട്ട്, കലാ മേനോൻ എന്നിവരുടെ നേതൃത്വത്തിൽ, ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ എല്ലാ വിദ്യാർത്ഥികൾക്കും അവാർഡുകൾ നൽകി ആദരിച്ചു. അവാർഡ് ലഭിച്ച വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ട് മുഖ്യാതിഥിയായി പങ്കെടുത്ത ഡോ.മധു ഭാസ്കർ പ്രസംഗിച്ചു. എൻ.ബി.എയുടെ ഭാവി വാഗ്ദാനങ്ങളാണ് തന്റെ മുന്നിൽ അവാർഡുകൾ സ്വീകരിച്ചവരെന്നും അവരുടെ കൈകളിൽ എൻബിഎയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നും അദ്ദേഹം പറഞ്ഞു. കെ.എച്ച്.എൻ.എ. പ്രസിഡന്റ് ഡോ. നിഷാ പിള്ള, മന്ത്രയുടെ ട്രസ്റ്റീ ബോർഡ് ചെയർമാൻ വിനോദ് കെയാർകെ എന്നിവർ അക്കാഡമിക് അവാർഡുകൾ കരസ്ഥമാക്കിയവരെ അനുമോദിക്കുകയും ആശീർവദിക്കുകയുംചെയ്തു.

തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി. ഗായകരായ ശബരീനാഥ് നായർ, രവി നായർ വെള്ളിക്കെട്ടിൽ, അജിത് നായർ, അപ്പൻ മേനോൻ, മുരളീധര പണിക്കർ, പ്രേംജി എന്നിവർ ഗാനങ്ങൾ ആലപിച്ചു. പാണ്ടത്ത് രാമൻകുട്ടി മനോഹരമായി കവിത ആലപിച്ചു ശോഭ കറുവക്കാട്ട്, റാണി ഊർമിള നായർ, കലാ മേനോൻ എന്നിവർ ബിംഗോയിൽ പങ്കെടുത്തു.

## മാർത്തോമാ യുവജനസഖ്യം വൈദീകർക്ക് യാത്രയയപ്പു നൽകി



**- ബാബു പി സൈമൺ**

ഡാളസ് :മാർത്തോമാ യുവജനസഖ്യം സൗത്ത് വെസ്റ്റ് റീജിയൻ സെന്റർ എയുടെ ആഭിമുഖ്യത്തിൽ സെന്ററിൽ നിന്നും സ്ഥലം മാറിപ്പോകുന്ന മാർത്തോമാ സഭയുടെ വൈദികർക്ക് യാത്രയയപ്പ് നൽകി.

മാർച്ച് 09 ഞായറാഴ്ച 3.30 നു മാർത്തോമാ ചർച്ച് ഓഫ് ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് പള്ളിയിൽ കൂടിയ യോഗത്തിൽ റവ.അലക്സ് യോഹന്നാൻ, റവ. ഷൈജു ഇ.ജോയി, റവ.ജോൺ കുഞ്ഞപ്പി, റവ. എബ്രഹാം തോമസ്, റവ. ജോബി ജോൺ എന്നിവർക്ക് യുവജന സഖ്യം യാത്രയയപ്പ് നൽകി.

റവ. എബ്രഹാം തോമസ് മുഖ്യ സന്ദേശം നൽകി. കഴിഞ്ഞകാല പ്രവർത്തനങ്ങൾക്ക് കരുത്തേകിയ ദൈവകൃപയ്ക്ക് നന്ദി കരേറ്റുന്നതിനോടൊപ്പം ശുശ്രൂഷയിൽ സഹകരിച്ച യുവാക്കൾക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു. കഴിഞ്ഞ മൂന്നു വർഷം ഡാലസ് സെന്ററിലെ ശുശ്രൂഷ ദൈവരാജ്യപ്രവർത്തനങ്ങളിൽ യുവാക്കളെ സജ്ജമാക്കുന്നതിനു ഉതുകുമാറുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വൈദികർക്ക് കഴിഞ്ഞു എന്ന് സെക്രട്ടറി സിബി മാത്യു തന്റെ യാത്രയയപ്പ് പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

സിബിൻ തോമസ്, റോബി ജെയിംസ്, റിജാ ക്രിസ്റ്റി, റോബിൻ വർഗീസ്, റിൻസി റെജി, ടോണി കോരുത് എന്നിവരും പിരിഞ്ഞു പോകുന്ന വൈദികർക്ക് യാത്രാമംഗളം നേർന്നു. അമേരിക്കൻ അനുഭവങ്ങൾ തുടർന്നുള്ള തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏറെ ഊർജ്ജം നൽകും എന്ന് മറുപടി പ്രസംഗത്തിൽ സെന്റർ പ്രസിഡന്റ് റവ.ഷൈജു ഇ ജോയി എടുത്തു പറഞ്ഞു.

April 3: **National Tweed Day**
A celebration of the classic fabric, tweed, recognizing its significance in fashion and culture.

## ജോൺ എഫ് കെന്നഡി വധം: അന്വേഷണ റിപ്പോർട്ടുകളുടെ പൂർണ രൂപം പുറത്തു വിട്ടു

**- ഏബ്രഹാം തോമസ്**

വാഷിംഗ്ടൺ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തന്റെ ഭരണത്തിന്റെ ആദ്യ ദിവസം നൽകിയ വാഗ്ദാനം അനുസരിച്ചു മുൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി വധ അന്വേഷണ റിപ്പോർട്ടുകളുടെ പൂർണ രൂപം പുറത്തു വിട്ടു. ജനുവരിയിൽ ജോൺ എഫ്. കെന്നഡി, സഹോദരൻ റോബർട്ട് എഫ്. കെന്നഡി, മാർട്ടിൻ ലൂതർ കിംഗ് ജൂനിയർ എന്നിവരുടെ വധാന്വേഷണ റിപ്പോർട്ടുകളുടെ പൂർണ രൂപം പുറത്തു വിടാനുള്ള എക്സിക്യൂട്ടീവ് ഓർഡറിൽ ട്രംപ് ഒപ്പു വച്ചിരുന്നു. അതനുസരിച്ചാണ് ജെ എഫ് കെ വധാന്വേഷണ റിപ്പോർട്ട് ട്രംപ് ഭരണകൂടം പുറത്തു വിട്ടിരിക്കുന്നത്.


തന്റെ ഭരണത്തിന്റെ മൂന്നാം വർഷത്തിൽ (1963 നവംബർ 22) അടുത്ത ഊഴത്തിന്റെ പ്രചാരണ പര്യടന വേളയിൽ ഡാളസ് ഡൗൺ ടൗണിൽ ഒരു ഘാതകന്റെ വെടിയുണ്ടകൾ ഏറ്റു മരണവുമായി മല്ലിട്ടു പരാജയപ്പെട്ട കെന്നഡി കോടിക്കണക്കിന് അമേരിക്കക്കാർക്ക് ഏറെ പ്രിയപ്പെട്ടവനായിരുന്നു. ഇന്നും അമേരിക്കയുടെ മികച്ച പ്രസിഡന്റുമാരിൽ ഒരാളായി വിലയിരുത്തലുകളിൽ കെന്നഡിയുടെ പേര് കാണുന്നു.

കെന്നഡി വധം അത് നടന്ന നാൾ മുതൽ ദുരൂഹതകൾ നിറഞ്ഞതായിരുന്നു. പലരും പല വിധത്തിലുള്ള തിയറികളുമായി മുന്നോട്ടു വന്നു. ധാരാളം പുസ്തകങ്ങൾ കെന്നഡിയോടൊപ്പം പ്രവർത്തിച്ചവരും, കെന്നഡിയെ അടുത്തറിഞ്ഞവരും, കെന്നഡിയുടെ ഘാതകനായ ലീ ഹാർവീ ഒസ്വാൾഡിനെ അടുത്തറിഞ്ഞവരും, മാധ്യമപ്രവർത്തകരും പുറത്തിറക്കിയിട്ടുണ്ട്. പക്ഷെ യഥാർത്ഥത്തിൽ എന്തിനാണ് ഓസ്വാൾഡ് ഇതിനു തുനിഞ്ഞത്, പിന്നീട് ഒസ്വാൾഡിനെ വെടിവച്ചു വീഴ്ത്താൻ ജാക്ക് റൂബിയെ പ്രേരിപ്പിച്ചത് എന്താണ് എന്ന് ഇതുവരെ വ്യക്തമായിട്ടില്ല.

ഇപ്പോൾ പുറത്തു വിട്ടിരിക്കുന്ന ഫയലുകളിൽ എന്തെങ്കിലും പുതിയ വിവരങ്ങൾ ഉണ്ടോ, പല തവണ ആരോപിച്ചിരുന്ന ഗൂഢാലോചനയിൽ എന്തെങ്കിലും വെളിച്ചം വീശുന്നുണ്ടോ എന്നറിയാൻ റിപ്പോർട്ടുകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിവരും.

എന്നാൽ ഈ റിപ്പോർട്ടുകൾ ഇതുവരെ നിലവിലുള്ള കണ്ടെത്തലുകൾ തിരുത്തുകയില്ല എന്നു കരുതുന്നവരും ഉണ്ട്. ഇപ്പോൾ ഈ രേഖകളുടെ സൂക്ഷിപ്പുകാരായ നാഷണൽ ആർക്കൈവ്സ് പറഞ്ഞത് പ്രസിഡന്റിന്റെ എക്സിക്യൂട്ടീവ് ഓർഡർ 14176 അനുസരിച്ചു തങ്ങൾ ഈ രേഖകൾ പുറത്തു വിടുകയാണ് എന്നാണ്. എന്നാൽ ഈ രേഖകൾ പൂർണമല്ല എന്ന ആരോപണങ്ങൾ ഉയർന്നു. ഇതേ കുറിച്ച് സിഐഎയും എഫ്ബിഐയും പ്രതികരിച്ചിട്ടില്ല.

## ചിക്കാഗോ രൂപത മിഷൻ ലീഗ് സെമിനാർ സംഘടിപ്പിച്ചു



ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപതാതലത്തിൽ അംഗങ്ങൾക്കായി വൊക്കേഷൻ സെമിനാർ സംഘടിപ്പിച്ചു. സിസ്റ്റർ ഡിയാന തെരേസ് സി.എം.സി. ക്ളാസ്സുകൾ നയിച്ചു.

മിഷൻ ലീഗ് രൂപതാ ഡയറക്ടർ ഫാ. ജോർജ് ദാനവേലിൽ, രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ, ജനറൽ സെക്രട്ടറി ടിസൻ തോമസ്, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ എന്നിവർ സംസാരിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഇരുന്നൂറിലധികം കുട്ടികൾ ഓൺലൈനിലൂടെ നടത്തിയ ഈ പരിപാടിയിൽ പങ്കുചേർന്നു.

April 3: **National Rainbow Day**

A day to celebrate diversity and inclusivity, often associated with LGBTQ+ pride, encouraging individuals to embrace all colors and identities.

April 4: **National Hug a Newsman Day**

A lighthearted observance where people are encouraged to appreciate journalists and news reporters for their contributions to society.

April 4: **Walk Around Things Day**

A whimsical reminder to embrace creativity and find alternative paths in life, often celebrated by taking a different route during daily activities.

## സെയിന്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്



**- ഉമ്മൻ കാപ്പിൽ**

പെൻസിൽവേനിയ: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിന്റെ കിക്കോഫും രജിസ്ട്രേഷനും 16 ഞായറാഴ്ച ബെൻസേലം സെയിന്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ ആരംഭിച്ചു.

കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ്, ഭദ്രാസന കൗൺസിൽ അംഗം ഷെയ്ൻ ഉമ്മൻ, കോൺഫറൻസ് സുവനീർ എഡിറ്റർ ജെയ്സി ജോൺ, രജിസ്ട്രേഷൻ കമ്മിറ്റി അംഗം കെയ്‌ല ഉമ്മൻ എന്നിവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു.

കുർബാനയ്ക്ക് ശേഷം നടന്ന യോഗത്തിൽ, ഭദ്രാസനത്തിലെ ഏറ്റവും വലിയ ആത്മീയ ശുശ്രൂഷയായ കോൺഫറൻസിനെ പരിചയപ്പെടുത്തിക്കൊണ്ട് ജെയ്സൺ തോമസ് സംസാരിച്ചു. ഷെയ്ൻ ഉമ്മൻ സ്പോൺസർഷിപ്പിന്റെ വിശദാംശങ്ങൾ നൽകി.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ലേഖനങ്ങൾ, പരസ്യങ്ങൾ, ആശംസകൾഎന്നിവ ഉൾപ്പെടുത്താൻ അവസരമുണ്ടെന്ന് ജെയ്സി ജോൺ അറിയിച്ചു.

കെയ്‌ല ഉമ്മനും ഇടവകാംഗമായ ബെഥനി ജോണും മുൻകാല കോൺഫറൻസുകളിൽ നിന്നുള്ള ഹൃദ്യമായ ഓർമ്മകൾ പങ്കുവെച്ചു.

വികാരി ഫാ. ഗീവർഗീസ് ജോൺ കോൺഫറൻസിനെപ്പറ്റിയുള്ള തന്റെ ഹൃദ്യമായ അനുഭവങ്ങൾ പങ്കുവയ്ക്കുകയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാനും പ്രോത്സാഹിപ്പിച്ചു. മാതൃകയായി ഫാ.ഗീവർഗീസ് ജോൺ ആദ്യ രജിസ്ട്രേഷൻ കൈമാറി. ഇടവക സെക്രട്ടറി അനിൽ ജോർജും ട്രസ്റ്റി പ്രീതി ഫിലിപ്പും സുവനീറിന് പള്ളിയുടെ ആശംസകളും സംഭാവനയും നൽകി. നിരവധി അംഗങ്ങൾ സ്പോൺസർഷിപ്പിലൂടെയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്തും പിന്തുണ അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ.ഡോ.റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ.

## ഡോ. ജോർജ്ജ് മരങ്ങോലിയുടെ പുസ്തക പ്രകാശനം



കൊച്ചി: പ്രവാസി എഴുത്തുകാരൻ ഡോ. ജോർജ്ജ് മരങ്ങോലിയുടെ രണ്ടു പുസ്തകങ്ങൾ കാക്കനാട് ഓണം പാർക്കിൽ പ്രകാശനം ചെയ്തു. ജപ്പാന്റെ കാണാപ്പുറങ്ങൾ (യാത്രാവിവരണം) സാഹിത്യകാരിയും അദ്ധ്യാപികയുമായ ഡോ. സീന ഹരിദാസിന് കോപ്പി നൽകി കാലടി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.എം.സി. ദിലീപ്കുമാർ പ്രകാശനം ചെയ്തു. രണ്ടാമത്തെ പുസ്തകം മരങ്ങോലിക്കഥകൾ രണ്ടാം ഭാഗം (ഹാസ്യകഥകൾ) തൃക്കാക്കര സാംസ്കാരിക കേന്ദ്രം കൾച്ചറൽ സെക്രട്ടറിയും കവയിത്രിയുമായ ഹേമ ടി. തൃക്കാക്കരക്ക് കോപ്പി നൽകി സാഹിത്യകാരനും കേരള സാഹിത്യവേദി സെക്രട്ടറിയുമായ പി. കൃഷ്ണൻ കൊന്നഞ്ചേരി പ്രകാശനം ചെയ്തു.

മുൻ സിയാൽ ഡയറക്ടർ എ.സി.കെ. നായർ അധ്യക്ഷനായ ചടങ്ങ് മുതിർന്ന പത്രപ്രവർത്തകനും കാർട്ടൂണിസ്റ്റുമായ ജോഷി ജോർജ് ഉദ്ഘാടനം ചെയ്തു. മഴവിൽ മനോരമ, കുട്ടിക്കുപ്പായം ഫെയിം ഗായിക കുമാരി ജിദ്ദ ഫൈസൽ ഈശ്വരപ്രാർത്ഥനയും, തൃക്കാക്കര സാംസ്കാരിക കേന്ദ്രം രക്ഷാധികാരി പോൾ മേച്ചേരിൽ അനുഗ്രഹപ്രഭാഷണവും, അധ്യാപികയും ടിഎസ്കെ പബ്ലിക്കേഷൻ മാനേജരുമായ ഡോ. എസ്സ് തനൂജ സ്വാഗതവും പറഞ്ഞു. ശിവദാസ് വൈക്കം, ജെ. സി.ഐ.ജോൺ പോൾ, രാമചന്ദ്രൻ പുറ്റുമാനൂർ, അലി അക്ബർ (കലാഭവൻ ട്രഷറർ), ഉണ്ണികൃഷ്ണൻ പി എ., റൂബി ജോർജ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. പ്രസിദ്ധ സാഹിത്യകാരി അമ്പിളി തൃപ്പൂണിത്തുറ കൃതജ്ഞതയും, ഗ്രന്ഥകർത്താവ് ഡോ. ജോർജ്ജ് മരങ്ങോലി മറുപടിയും നടത്തി.

Science has not yet taught us if madness is or is not the sublimity of intelligence.

**Edgar Allan Poe**

## ജോ ബൈഡന്റെ മക്കൾക്ക് ഇനി സീക്രട്ട് സർവീസ് സേവനം നല്കില്ല: ട്രംപ്

വാഷിംഗ്ടൺ: മുൻ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ മക്കൾക്ക് ഇനി സീക്രട്ട് സർവീസ് സേവനം നല്കില്ല. ബൈഡന്റെ മക്കളായ ആഷ്‌ലിക്കും ഹണ്ടറിനും നൽകിവന്ന സീക്രട്ട് സർവീസ് സേവനം നിർത്തലാക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. ജോൺ എഫ്. കെന്നഡി സെന്റർ ഫോർ ദി പെർഫോമിംഗ് ആർട്സ് പര്യടനത്തിനിടെ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടിയായാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ഇക്കാര്യം താനിതുവരെ ശ്രദ്ധിച്ചില്ലെന്നും പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ട്രംപ് പറഞ്ഞു. ജോ ബൈഡന്റെ മകൻ ഹണ്ടർ ദക്ഷിണാഫ്രിക്കയിൽ അവധിക്കാലം ആഘോഷിക്കുന്നതിനിടെ സുരക്ഷക്കായി 18 ഏജന്റുമാരെ നിയോഗിച്ചതിനേയും ആഷ്‌ലി ബൈഡന്റെ സംരക്ഷണത്തിന് 13 ഏജന്റുമാരെ ചുമതലപ്പെടുത്തിയതിനേയും ട്രംപ് രൂക്ഷമായ ഭാഷയിലാണ് വിമർശിച്ചത്.

അമേരിക്കൻ നിയമമനുസരിച്ച് മുൻ പ്രസിഡന്റുമാർക്കും അവരുടെ ഭാര്യമാർക്കും ജീവിതകാലം മുഴുവൻ സീക്രട്ട് സർവീസ് സേവനം ലഭ്യമാകും. എന്നാൽ അവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന സംരക്ഷണം പ്രസിഡന്റ് കാലാവധി അവസാനിക്കുന്നതോടെ കഴിയും. ജോ ബൈഡനും ട്രംപും മുൻ ഭരണകാലങ്ങളിൽ വൈറ്റ് ഹൗസ് വിടുന്നതിനു മുമ്പ് അവരുടെ മക്കൾക്കുള്ള സീക്രട്ട് സർവീസ് സംരക്ഷണം ആറു മാസത്തേക്ക് നീട്ടിയിരുന്നു.

## അണ്ടർ ഗ്രാജുവേറ്റ് വിദ്യാർത്ഥികൾ ട്യൂഷൻ ഫീ നൽകേണ്ടതില്ല

**– പിപിഎം**

ഹാർവാർഡ് യൂണിവേഴ്സിറ്റി 200,000 ഡോളറിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ അണ്ടർ ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കു ട്യൂഷൻ ഫീ ഈടാക്കില്ല. അടുത്ത ഫോൾ സീസണിൽ ഈ സൗജന്യം നിലവിൽ വരുമെന്നു യൂണിവേഴ്സിറ്റി അറിയിച്ചു.

കൂടാതെ, 100,000 ഡോളറിൽ താഴെ വരുമാനം മാത്രമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കു വിദ്യാഭ്യാസം പൂർണമായും സൗജന്യമായിരിക്കും. ഹൗസിംഗ്, ഹെൽത്ത് ഇൻഷുറൻസ്, ക്യാമ്പസുകൾക്കിടയിലെ യാത്ര എന്നിങ്ങനെയുള്ള ചെലവുകൾ പൂർണമായും യൂണിവേഴ്സിറ്റി വഹിക്കും.

ഹാർവാർഡിൽ അണ്ടർ ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കു ട്യൂഷൻ ഫീ ഈ വർഷം 56,000 ഡോളറിൽ കൂടുതൽ ആയിരുന്നു. മൊത്തം ചെലവ് ഏതാണ്ട് 83,000 ഡോളർ.

യൂണിവേഴ്സിറ്റിയിൽ അണ്ടർ ഗ്രാജുവേറ്റ് സ്ഥാപനമാണ് ഹാർവാർഡ് കോളജ്.

കോളജ് വിദ്യാഭ്യാസ ചെലവ് കൂടിക്കൊണ്ടിരിക്കുന്ന സമയത്താണ് ഈ പ്രഖ്യാപനം. 1980നും 2020നുമിടയിൽ 169% വർധന ഉണ്ടായി എന്നാണ് കണക്ക്.

## ചൂടുള്ള പാനീയം വീണ് പൊള്ളലേറ്റ ഡെലിവറി ഡ്രൈവർക്ക് 50 മില്യൺ ഡോളർ നഷ്ടപരിഹാരം

കാലിഫോർണിയ: ചൂടുള്ള പാനീയങ്ങളുടെ ലിഡ് ശരിയായി ഘടിപ്പിക്കാതെ ഗുരുതരമായി പൊള്ളലേറ്റ ഡെലിവറി ഡ്രൈവർക്ക് 50 മില്യൺ ഡോളർ നഷ്ടപരിഹാരം നൽകാൻ കാലിഫോർണിയയിലെ ഒരു ജൂറി വെള്ളിയാഴ്ച ഉത്തരവിട്ടു.

ലോസ് ഏഞ്ചൽസിലെ ഒരു ഡ്രൈവ് ത്രൂവിൽ മൈക്കൽ ഗാർസിയ പാനീയങ്ങൾ എടുക്കുന്നതിനിടെ, ചൂടുള്ള പാനീയങ്ങൾ മടിയിൽ വീണ് ഗുരുതരമായ പൊള്ളൽ, രൂപഭേദം, ജനനേന്ദ്രിയത്തിനെ ദുർബലപ്പെടുത്തുന്ന നാഡിക്ക് കേടുപാടുകൾ സംഭവിച്ചുഎന്ന് 2020ൽ കാലിഫോർണിയ സുപ്പീരിയർ കോടതിയിൽ ഫയൽ ചെയ്ത കേസിൽ പറയുന്നു. ലിഡ് സുരക്ഷിതമാക്കുന്നതിൽ പരാജയപ്പെട്ടതിലൂടെ സ്റ്റാർബക്സ് അതിന്റെ പരിചരണ കടമ ലംഘിച്ചുവെന്ന് കേസ് ആരോപിച്ചു.

കോർട്ട് റൂം വ്യൂ നെറ്റ്വർക്കിൽ നിന്നുള്ള വിധിന്യായത്തിന്റെ റെക്കോർഡിംഗ് പ്രകാരം, ഗാർസിയയുടെ നഷ്ടപരിഹാരത്തിൽ ശാരീരിക വേദന, മാനസിക വേദന, ജീവിതാസ്വാദന നഷ്ടം, അപമാനം, അസൗകര്യം, ദുഃഖം, രൂപഭേദം, ശാരീരിക വൈകല്യം, ഉത്കണ്ഠ, വൈകാരിക ക്ലേശം എന്നിവ ഉൾപ്പെടുന്നു. വിധിക്കെതിരെ അപ്പീൽ നൽകാൻ പദ്ധതിയിടുന്നതായി സ്റ്റാർബക്സ് പറഞ്ഞു.

1994ൽ മക്ഡൊണാൾഡ്സിനെതിരെ ഒരു സ്ത്രീ ചൂടുള്ള കാപ്പി മടിയിൽ ഒഴിച്ച് മൂന്നാം ഡിഗ്രി പൊള്ളലേറ്റതിനെ ഈ കേസ് ഓർമ്മിപ്പിക്കുന്നു. ആ കേസിലെ വാദിയായ സ്റ്റെല്ല ലീബെക്കിന് ഏകദേശം 3 മില്യൺ ഡോളർ നഷ്ടപരിഹാരം ലഭിച്ചു.

April 4: **World Rat Day**

A day to celebrate and raise awareness about rats, challenging misconceptions and promoting their role in the ecosystem.

April 5: **International Pillow Fight Day**

A fun and lighthearted event where participants engage in pillow fights in public spaces, promoting joy and community engagement.

## ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക വനിത ദിനം ആഘോഷിച്ചു



വാഷിങ്ടൺ ഡിസി: ഫൊക്കാന ഇന്റർനാഷണൽ വിമൻസ് ഫോറം സംഘടിപ്പിച്ച അന്തർദേശീയ വനിതാദിനം ആഘോഷിച്ചു. വാഷിങ്ടൺ ഡിസി യിലുള്ള സിൽവർ സ്പ്രിങ് സൗത്ത് ഏഷ്യൻ സെവെൻത്ഡേ അഡ്വന്റിസ്റ്റ് ചർച്ചിനോട് ചേർന്ന ധീരജ് ഹാളിൽ നടന്ന ചടങ്ങിൽ നിഷ ജോസ് കെ മാണി മുഖ്യപ്രഭാഷകയും മെരിലാൻഡ് കൗൺസിൽ അംഗം ക്രിസ്റ്റിൻ മിൻകി മുഖ്യാതിഥിയുമായിരുന്നു.

വിമൻസ് ഫോറം ചെയർപേഴ്സൺ ഡോ. നീന ഈപ്പൻ സ്വാഗതം പറഞ്ഞു. എല്ലാ സ്ത്രീകളും കുടുംബത്തിലും സമൂഹത്തിലുമുള്ള സ്ത്രീകളുമായി ബന്ധം പുലർത്തുകയും ആശയവിനിമയം നടത്തുകയും പരസ്പരം സഹായിക്കുകയും ചെയ്യണമെന്ന് നീന ഈപ്പൻ തന്റെ പ്രസംഗത്തിൽ അഭ്യർഥിച്ചു. പ്രസിഡണ്ട് സണ്ണി മറ്റമന അധ്യക്ഷനായിരുന്നു.

തുടർന്നു നടന്ന കലാപരിപാടികൾക്ക് ആതിര കലാ ഷാഹി മാസ്റ്റർ ഓഫ് സെറിമണീസ് ആയിരുന്നു. യോഗത്തിൽ അഞ്ജലി പണിക്കർ അമേരിക്കൻ ദേശീയ ഗാനവും കുട്ടി മേനോനും സംഘവും ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു.

മുഖ്യാതിഥി ക്രിസ്റ്റിൻ മിങ്കി തന്റെ പ്രസംഗത്തിൽ കുടിയേറ്റ കുടുംബങ്ങളിലെ സ്ത്രീകൾ മുഖ്യ ധാരയിലേക്കും നേതൃനിരയിലേക്കും വരേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിച്ചു.

സ്ത്രീകൾ തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സ്വയം പരിഹരിക്കാൻ ശ്രമിക്കുകയും ഒപ്പം മറ്റുള്ളവരെ ചേർത്തു പിടിക്കാൻ തയ്യാറാവുകയും വേണമെന്ന് മുഖ്യ പ്രഭാഷക നിഷ ജോസ് കെ മാണി പറഞ്ഞു.

നേതൃമികവിനും സാമൂഹ്യ പ്രതിബദ്ധതക്കും ഉള്ള പ്രശംസാ ഫലകം ഡോ. റീത്താ കല്യാണിക്ക് ഡോ. നീനാ ഈപ്പൻ സമ്മാനിച്ചു.

സ്ത്രീ ശാക്തീകരണം മുഖ്യ വിഷയമായിരുന്ന പാനൽ ചർച്ചയിൽ ഡോളി മാത്യു (മോഡറേറ്റർ), ഏഞ്ചല ജേക്കബ്, ഡോ. ഹലീന ദാനിയേൽ, ബീന പള്ളിവേല, ഡോ.ദയാ പ്രസാദ്, സ്റ്റെല്ല വർഗീസ്, പ്രേമ പിള്ള (ലണ്ടൻ), ലിസി വർഗീസ് (ബാംഗ്ലൂർ), ഡോ.സുജാത ഏബ്രഹാം (കേരളം), ദിനിദാനിയേൽ (കേരളം), ഷൈനി തോമസ് (ന്യൂസിലാൻഡ്) എന്നിവർ പങ്കെടുത്തു. സൂം പ്ലാറ്റ്ഫോമും വീഡിയോ കോൺഫ്രൻസിംഗ് സംവിധാനങ്ങളും ഷാജി ജോൺ ഏകോപിപ്പിച്ചു.

യു കെ, ഇന്ത്യ, ന്യൂസിലൻഡ് തുടങ്ങി വിവിധരാജ്യങ്ങളിൽ നിന്നും വനിതകൾ തത്സമയം പങ്കെടുത്തു.

ഫൊക്കാന എക്സിക്യുട്ടീവ് കമ്മറ്റിയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് സണ്ണി മറ്റമന, ജനറൽ സെക്രട്ടറി ഏബ്രഹാം ഈപ്പൻ, വൈസ് പ്രസിഡന്റ് ഷാജി ആലപ്പാട്ട്, അസോസിയേറ്റ് സെക്രട്ടറി റോബർട്ട് അരിച്ചിറ, ഇന്റർനാഷണൽ കോർഡിനേറ്റർ ഡോ.കലാ ഷാഹി, അസോസിയേറ്റ് ട്രഷറർ ഷാജി ജോൺ എന്നിവർ പങ്കെടുത്തു. ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്ര വിപുലവും മനോഹരവുമായി അന്താരാഷ്ട്ര വനിതാദിനം സംഘടിപ്പിച്ച ഡോ.നീനാ ഈപ്പനെയും സഹപ്രവർത്തകരെയും ഫൊക്കാന എക്സിക്യൂട്ടീവ് പ്രശംസിച്ചു.

## വിശ്വാസോത്സവം ബെൻസൻവിൽ ഇടവകയിൽനടത്തപ്പെട്ടു



**– ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന മതബോധന വാർഷികം 'എസ്പെരാൻസ '25 മാർച്ച് 15 ശനിയാഴ്ച വൈകിട്ട് നടന്നു. ഇരുനൂറിൽ പരം കുട്ടികൾ അണിചേർന്ന രണ്ടു മണിക്കൂർ നീണ്ട കലാപരിപാടികളാണ് അന്നേ ദിവസം നടത്തപ്പെട്ടത്.

ക്നാനായ റീജിയൻ വികാരി ജനറാളും ഇടവകയുടെ വികാരിയുമായ ഫാ.തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, സി.സിൽവേരിയുസ് എസ്.വി.എം, സെന്റ് മേരീസ് ഡി.ആർ. ഇ.സജി പൂതൃക്കയിൽ എന്നിവർ സന്നിഹിതരായിരുന്നു. പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി അസി. വികാരി ഫാ.ബിൻസ് ചേത്തലിൽ സി.സിഡി ഡയറക്ടർ സഖറിയ ചേലയ്ക്കൽ, അസി.ഡയറക്ടർ ജോബി ഇത്തിത്തറ, കൊളീൻ കീഴങ്ങാട്ട്, നീന കോയിത്തറ, ജെയ്ൻ മുണ്ടപ്ലാക്കിൽ, റ്റീന നെടുവാമ്പുഴ എന്നീ കമ്മിറ്റി അംഗങ്ങളോടൊപ്പം മറ്റ് അദ്ധ്യാപകരും ചർച്ച് എക്സിക്യൂട്ടീവ് അംഗങ്ങളും വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു.

I slept and dreamt that life was a joy. I awoke and saw that life was service. I acted and behold, service was joy.
**Rabindranath Tagore**

## ഗ്രീൻ കാർഡ് തിരിച്ചേൽപ്പിക്കണം; വിദേശികൾക്ക് മേൽ സമ്മർദം ശക്തമാകുന്നു

ന്യൂയോർക്ക്: അമേരിക്കയിൽ ഗ്രീൻ കാർഡ് ഉപേക്ഷിക്കാൻ വിദേശികൾക്കു മേൽ അധികൃതർ സമ്മർദം ശക്തമാക്കുന്നെന്ന് റിപ്പോർട്ടുകൾ. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ പോയി മടങ്ങിയെത്തുന്ന പ്രായമായവരെയാണ് പ്രധാനമായും കസ്റ്റംസ് ആന്റ് ബോർഡർ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥർ ഇങ്ങനെ സമ്മർദത്തിലാക്കുന്നതെന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു. കുറച്ച് നാൾ സ്വന്തം നാട്ടിൽ താമസിച്ച് മടങ്ങിയെത്തുന്നവരോട് പ്രത്യേക ഫോമിൽ ഒപ്പിട്ട് നൽകി സ്വമേധയാ ഗ്രീൻ കാർഡ് തിരിച്ചേൽപിക്കാനാണ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതത്രെ.

പലരെയും വിമാനത്താവളത്തിൽ അധിക പരിശോധനകൾക്ക് വിധേയമാക്കിയും ഒരു ദിവസം തടങ്കലിൽ വെച്ചുമൊക്കെയാണ് ഉദ്യോഗസ്ഥർ ഈ ആവശ്യം ഉന്നയിക്കുന്നതെന്ന് അഭിഭാഷകരിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പറയുന്നു.

180 ദിവസമോ അതിലധികമോ മറ്റൊരു രാജ്യത്ത് താമസിച്ച ശേഷം മടങ്ങിയെത്തുന്ന ഗ്രീൻ കാർഡ് ഉടമയെ 'റീഅഡ്മിഷൻ' ആയാണ് നിയമ പ്രകാരം അമേരിക്കയിൽ പരിഗണിക്കുന്നത്. ഇവരുടെ ഗ്രീൻ കാർഡ് തടഞ്ഞുവെയ്ക്കാൻ ചില നിബന്ധനകൾക്ക് വിധേയമായി സാധിക്കും.

എന്നാൽ ഒരു വർഷമെങ്കിലും രാജ്യത്തിന് പുറത്ത് കഴിഞ്ഞവരുടെ ഗ്രീൻ കാർഡുകളാണ് സാധാരണയായി റദ്ദാക്കുന്നതിന് പരിഗണിക്കുന്നത്. എന്നാൽ ഈ കാലയളവുകളേക്കാൾ കുറഞ്ഞ കാലം രാജ്യത്തിന് പുറത്ത് താമസിച്ച ശേഷം മടങ്ങി വരുന്നവരെയും വിമാനത്താവളത്തിൽ വെച്ച് തടഞ്ഞുനിർത്തി അധിക ചോദ്യം ചെയ്യലിന് വിധേയമാക്കുന്നു എന്നാണ് നിരവധിപ്പേർ പറഞ്ഞത്. സ്വമേധയാ ഗ്രീൻ കാർഡ് തിരികെ നൽകാനുള്ള ഫോം പൂരിപ്പിച്ച് നൽകാനാണ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നത്.

ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ അമിതാധികാര പ്രയോഗം നടത്തുകയാണെന്ന് അമേരിക്കയിലെ നിയമവിദഗ്ധർ തന്നെ അഭിപ്രായപ്പെടുന്നുണ്ട്. ഇത്തരം സമ്മർദങ്ങൾക്ക് വിധേയമായി ഗ്രീൻ കാർഡ് സ്വയം തിരികെ നൽകേണ്ടതില്ലെന്നും, സ്വന്തമായി ഫോം ഒപ്പിട്ട് നൽകിയാലല്ലാതെ ഗ്രീൻ കാർഡ് സാധാരണ ഗതിയിൽ റദ്ദാക്കാൻ സാധിക്കില്ലെന്നും ഇവർ പറയുന്നു. ഒരു വർഷം അമേരിക്കയ്ക്ക് പുറത്ത് താമസിച്ച ശേഷം തിരികെ എത്തുന്നവരുടെ ഗ്രീൻ കാർഡാണ് ഉപേക്ഷിക്കപ്പെട്ടതായി കണക്കാക്കുന്നത്. എന്നാൽ ഇത് പോലും നിയമപരമായി ചോദ്യം ചെയ്യാനാവും.

അതുകൊണ്ടുതന്നെ വിമാനത്താവളങ്ങളിൽ വെച്ച് സറണ്ടർ ഫോമുകളിൽ ഒപ്പിട്ട് കൊടുക്കരുതെന്ന് നിയമ രംഗത്തുള്ളവർ പറയുന്നു. വിമാനത്താവളത്തിൽ വെച്ച് സമ്മർദത്തിലാക്കി അധിക ചോദ്യം ചെയ്യലുകൾക്ക് വിധേയമാക്കുമ്പോൾ പലരും പരിഭ്രാന്തരാവും. പല രേഖകളും കൈയിൽ ഉണ്ടായിരിക്കുകയുമില്ല. ഈ സാഹചര്യത്തിൽ പലരും ഫോം ഒപ്പിട്ട് കൊടുക്കാൻ തയ്യാറാവുകയും ചെയ്യും.

## യുഎസ് നാടുകടത്തിയ 259 കുറ്റവാളി സംഘ അംഗങ്ങളെ എൽ സാൽവദോറിൽ ജയിലിൽ അടച്ചു

ട്രംപ് ഭരണകൂടം നാടു കടത്തിയ 259 കുറ്റവാളി സംഘ അംഗങ്ങളെ എൽ സാൽവദോറിൽ കുപ്രസിദ്ധമായ സെക്കോട്ട് ജയിലിൽ അടച്ചു. വെനസലേൻ ട്രെൻ ഡേ അറഗ്വാ സംഘത്തിലെ 238 പേരെയും എൽ സാൽവദോറിന്റെ എംഎസ്13 ലെ 21 പേരെയും 15,000 പേരെ പാർപ്പിച്ചിട്ടുള്ള ജയിലിൽ പ്രവേശിപ്പിച്ചത് ശനിയാഴ്ച്ച രാത്രിയാണ്.

യുദ്ധകാല ഉപയോഗത്തിനായി യുഎസ് 1798ൽ കൊണ്ടുവന്ന ഏലിയൻ എനിമീസ് ആക്റ്റ് ഉപയോഗിച്ചുള്ള നാടുകടത്തൽ ശനിയാഴ്ച്ച വൈകിട്ട് 7 മണിയോടെ യുഎസ് ഡിസ്ട്രിക്ട് ജഡ്ജ് ജെയിംസ് ബോസ്ബർഗ് തടഞ്ഞിരുന്നു. നാടുകടത്തുന്നവരെ കയറ്റിയ വിമാനങ്ങൾ ഉടൻ തിരിച്ചിറക്കാൻ ഉത്തരവിട്ട ജഡ്ജ് 14 ദിവസത്തേക്കാണ് നടപടി തടഞ്ഞത്.

കോടതി ഉത്തരവ് വന്നപ്പോഴേക്കു വിമാനങ്ങൾ യുഎസ് അതിർത്തിക്കപ്പുറം പോയതിനാൽ ഉത്തരവ് അപ്രസക്തമായി എന്നാണ് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോളിൻ ലീവിറ്റ് ഞായറാഴ്ച പറഞ്ഞത്.

കോടതികളിൽ ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കാനാണ് നാലു പ്രാവശ്യം മാത്രം ഉപയോഗിച്ചിട്ടുള്ള നിയമം ട്രംപ് ഭരണകൂടം എടുത്തു പ്രയോഗിച്ചത്. അതേപ്പറ്റി വിശദമായ വാദങ്ങൾ കേൾക്കുന്നതു വരെയാണ് ജഡ്ജ് നാടുകടത്തൽ തടഞ്ഞത്.

എൽ സാൽവദോറിൽ കുറ്റവാളികളെ സ്വീകരിക്കാൻ കഴിഞ്ഞ മാസം യുഎസ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് മാർക്കോ റുബിയോയുമായി നടത്തിയ ചർച്ചയിൽ പ്രസിഡന്റ് ബുക്കളെ സമ്മതിച്ചിരുന്നു. ഇപ്പോൾ അവിടെ ജയിലിൽ കയറിയ 21 പേർ അന്നാട്ടിലെ കുപ്രസിദ്ധ കുറ്റവാളികളാണെന്നു അദ്ദേഹം പറയുന്നു. ഒരാൾ സംഘത്തലവനുമാണ്. യുഎസിലേക്കു കടന്നു കളഞ്ഞ അവരെ തിരിച്ചു എത്തിച്ചതിൽ യുഎസിന് അദ്ദേഹം നന്ദി പറഞ്ഞു.

അമേരിക്കൻ സിവിൽ ലിബേർട്ടിസ് യൂണിയനാണ് ട്രംപിന്റെ നടപടിക്കെതിരെ കോടതിയിൽ പോയത്.

April 5: **National Dandelion Day**

This day celebrates the dandelion as a symbol of resilience and its many uses, from food to medicinal properties.

## താമ്പാ കെ.സി.സി.സി.എഫ് ക്നായി തൊമ്മൻ ദിനം ആചരിച്ചു




താമ്പാ: കെ.സി.സി.സി.എഫിന്റെ നേതൃത്വത്തിൽ ക്നായി കമ്മ്യൂണിറ്റി സെന്ററിൽ തൊമ്മൻ ദിനാചരണം നടത്തി.

കെസിസിസിഎഫ് പ്രസിഡന്റ് ജയമോൾ മുശാരിപറമ്പിൽ, വൈസ് പ്രസിഡന്റ് ടോജിമോൻ പായിത്തുരുത്തേൽ, സെക്രട്ടറി ഷോബിൻ പുതുശ്ശേരിൽ, ജോയിന്റ് സെക്രട്ടറി അനിത ചെമ്മരപ്പള്ളിൽ, ട്രഷറർ ജേക്കബ് വഞ്ചിപുരക്കൽ എന്നിവർ നേതൃത്വം നൽകി. നാഷണൽ കൗൺസിൽ അംഗങ്ങളായ ജെയിംസ് ഇല്ലിക്കൽ, വിനോദ് മൂലവള്ളിയിൽ, ജയ്മോൻ വെട്ടുകല്ലേൽ, ജോബി ഊരാളിൽ, പാപ്പച്ചൻ പട്ടത്തുവെളിയിൽ, ടിനോ മ്യാൽകരപുരത്തു, സവിത പുളിക്കൽ എന്നിവരും നല്ലൊരു ടീം വർക്ക് കാഴ്ച വെച്ചു.

ജിബിൻ പാലക്കത്തടത്തിൽ ആങ്കർ ആയി ഏവരുടെയും മനസ്സ് കീഴടക്കി. ക്നാനായക്കാരുടെ പ്രാർത്ഥന ഗാനമായ മാർത്തോമൻ കാരലിന് മൂലവള്ളിയിൽ ആന്റ് വിനോദ് മുല്ലവള്ളിയിൽ ചേർന്ന് ആലപിച്ചു. കെസിസിസിഎഫിന്റെ പ്രഥമ പ്രസിഡന്റ്, ജേക്കബ് കുളങ്ങര, ഇപ്പോഴത്തെ പ്രസിഡന്റ്, ജയമോൾ മൂശാരിപ്പറമ്പിൽ, സെക്രട്ടറി ഷോബിൻ പുതുശ്ശേരിൽ എന്നിവർ ദീപം തെളിച്ചു തുടക്കം കുറിച്ചു.

കെസിസിസിഎഫ് പ്രസിഡന്റ് ജയമോൾ മുശാരിപ്പറമ്പിൽ ഏവരെയും സ്വാഗതം ചെയ്തുകൊണ്ട് ക്നായി തൊമ്മൻ കാണിച്ചു തന്ന, ശുശ്രൂഷയിൽ ഊന്നിയ നേതൃത്വ ശൈലി പിന്തുടരാൻ ആഹ്വാനം ചെയ്തു. അടുത്ത നാളിൽ ക്നാനായ സമൂഹത്തിൽ വലിയൊരു വേദനയായി മാറി, നമ്മുടെ ഇടയിൽ നിന്നും വേർപിരിഞ്ഞ ഷൈനി, അലീന, ഇവാന എന്നിവരുടെ ആത്മശാന്തിക്കായി മൗനപ്രാത്ഥന നടത്തി.

താമ്പാ ചെണ്ട ടീമിന്റെ ഒരു ഫ്യൂഷൻ ചെണ്ട മേളത്തോടെ കലാ പരിപാടികൾ ആരംഭിച്ചു. ക്നായി തൊമ്മൻ എന്ന സമുദായ നേതാവിനെ ആഘോഷിക്കുന്നതിനൊപ്പം, കെസിസിസിഎഫിന്റെ മുൻകാലപ്രസിഡന്റുമാരെയും ആദരിച്ചു.

ജേക്കബ് കുളങ്ങര, സജി വെട്ടിക്കാട്ട്, അമ്മിണി കുളങ്ങര, ലൂക്കോസ് പൊയ്യാനിയിൽ, ജെയിംസ് ഇല്ലിക്കൽ, തോമസ് വെട്ടുപാറപ്പുറത്തു, ഡെന്നി ഊരാളിൽ, ടോമി മ്യാൽക്കരപുറത്തു, ജോമി ചെറുകര, ജോസ് ഉപ്പൂട്ടിൽ, മോനച്ചൻ മഠത്തിലേട്ട്, കിഷോർ വട്ടപ്പറമ്പിൽ, സുനിൽ മാധവപ്പള്ളിൽ, ടോമി കട്ടിണചേരിൽ, സജി കടിയമ്പള്ളി. ഷിബു തണ്ടാശേരിൽ എന്നിവർ ആണ് മുൻകാല പ്രസിഡന്റുമാർ.

മുൻകാല പ്രസിഡന്റുമാരെ പ്രതിനിധീകരിച്ച് ഡെന്നി ഊരാളിൽ ആശംസാ പ്രസംഗം നടത്തി. നാഷണൽ കൗൺസിൽ മെമ്പർ വിനോദ് മൂലവള്ളിയുടെ നേതൃത്വത്തിൽ ഒർലാണ്ടോയിൽ നിന്നുള്ള ക്നാനായ സഹോദരങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിച്ചു.

സിജോയ് പറപ്പള്ളിൽ, പാപ്പച്ചൻ പട്ടത്തുവെളിയിൽ, സന്തോഷ് പറമ്പേട്ട് എന്നിവർ നടത്തിയ ക്നാനായ ക്വിസ്, ക്നാനായത്തെ പറ്റിയുള്ള ഏവരുടേയും അറിവിനെ പരിശോധിക്കാനും, പുതുക്കാനും പ്രയോജനമായി. ബേബി കണ്ടാരപ്പള്ളിൽ, ലിയോ നടക്കുഴക്കൽ ടീം നടത്തിയ പുരാതനപ്പാട്ടുകൾ, ഫ്യൂഷൻ ഏവരും നിറഞ്ഞ കയ്യടികളാൽ ഏറ്റെ ടുത്തു. രുചിയേറിയ പിടിയും കോഴിക്കറിയും കഴിച്ചാണ് ഏവരും പിരിഞ്ഞത്. ക്നായി തൊമ്മൻ ദിനം വളരെ മനോഹരമായി ആഘോഷിക്കാൻ വന്ന ഏവർക്കും വൈസ് പ്രസിഡന്റ് ടോജിമോൻ പായിത്തുരുത്തേൽ നന്ദി പറഞ്ഞു.

## ട്രാൻസിറ്റ് റിട്ടയറീസ് സംഗമം വേറിട്ടൊരനുഭവമായി



**- ഈപ്പൻ ചാക്കോ**

ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റിൽ നിന്നും വിരമിച്ചു വിശ്രമജീവിതം നയിക്കുന്നവരുടെ കൂട്ടായ്മയായ 'ട്രാൻസിറ്റ് റിട്ടയറീസ് ഫോറ'ത്തിന്റെ ഈ വർഷത്തെ ആദ്യത്തെ ത്രൈമാസ സംഗമം ഗ്ലെനൊക്സിലുള്ള ദിൽബാർ റെസ്റ്റോറന്റിൽ നടന്നു. പൗലോസ് അരികുപുറത്തു ഏവർക്കും സ്വാഗതം ആശംസിച്ചു. റിട്ടയർ ചെയ്തവരിൽ കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ അന്തരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് പരിപാടിക്കു തുടക്കമിട്ടത്. മുഖ്യാതിഥിയായി എത്തിയ ജോൺ തോമസിനെ ബാബു പാറയ്ക്കൽ സദസ്സിനു പരിചയപ്പെടുത്തി.

തുടർന്ന് നടത്തിയ സെഷനിൽ അമേരിക്കയിലെ മാറുന്ന ടാക്സ് നിയമങ്ങളെപ്പറ്റിയും അംഗങ്ങൾ അതിന്റെ ഗുണഭോക്താക്കൾ ആകാൻ ചെയ്യേണ്ട അടിസ്ഥാന കാര്യങ്ങളെപ്പറ്റിയും അദ്ദേഹം വിവരിച്ചു.

ന്യൂഹൈഡ് പാർക്കിലുള്ള ഹിൽസൈഡ് ബുളുവാഡിൽ സ്വന്തമായി അക്കൗണ്ടിംഗ് ഓഫീസ് നടത്തുന്ന ജോൺ തോമസ് സിപിഎ സീസണിലെ ഏറ്റവും തിരക്കേറിയ സമയമായിട്ടും ഇങ്ങനെ ഒരു സെഷനിൽ പങ്കെടുത്തു മാർഗ്ഗ നിർദ്ദേശം നൽകാൻ കാണിച്ച നല്ല മനസ്സിന് അംഗങ്ങൾക്ക്‌വേണ്ടി ഈപ്പൻ ചാക്കോ നന്ദി പറഞ്ഞു. ദിൽബാറിലെ വിഭവ സമൃദ്ധമായ ബുഫേയിലും എല്ലാവരും പങ്കുകൊണ്ടു. കഴിഞ്ഞ ത്രൈമാസ സമ്മേളനത്തിൽ ലോങ്ങ് ഐലൻഡ് ജ്യൂവിഷ് ഹോസ്പിറ്റലി ലെ പ്രധാന സ്പെഷ്യലിസ്റ്റുകളിൽ ഒരാളായ ഓങ്കോളജിസ്റ്റ് ഡോ.ടോണി ഫിലിപ്പ് ക്യാൻസറിനെ പ്രതിരോധിക്കാം എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു.

## 2029ൽ മനുഷ്യരെ ചൊവ്വയിൽ ഇറക്കാനായേക്കുമെന്ന് മസ്ക്


വാഷിങ്ടൺ: 2026 അവസാനത്തോടെ ചൊവ്വ ദൗത്യം യാഥാർഥ്യമാകുമെന്ന് സ്പേസ് എക്സ് മേധാവി ഇലോൺ മസ്ക്. ടെസ്‌ലയുടെ ഒപ്റ്റിമസ് റോബോട്ടും സ്റ്റാർഷിപ്പ് എന്ന ബഹിരാകാശ വാഹനത്തിൽ ഉണ്ടാകും. ലാൻഡിങ് വിജയകരമായാൽ 2029ൽ മനുഷ്യരെ ചൊവ്വയിൽ ഇറക്കാനായേക്കുമെന്നും മസ്ക് അറിയിച്ചു.

അടുത്ത വർഷം അവസാനം ഒപ്റ്റിമസിനേയും വഹിച്ചുകൊണ്ട് സ്റ്റാർഷിപ്പ് ചൊവ്വയിലേക്ക് പുറപ്പെടും. ഈ ലാൻഡിങ് വിജയകരമായാൽ 2029ൽ തന്നെ മനുഷ്യ ലാൻഡിങ് ആരംഭിച്ചേക്കാം. എന്നാൽ 2031ൽ ആണ് ഇതിനു കൂടുതൽ സാധ്യതയെന്ന് മസ്ക് എക്സിൽ കുറിച്ചു. 2002 മാർച്ച് 14ന് സ്ഥാപിതമായ സ്പേസ് എക്സിന്റെ ഇരുപത്തിമൂന്നാം വാർഷികത്തിലാണ് മസ്കിന്റെ പ്രഖ്യാപനം.

123 മീറ്റർ നീളമുള്ള സ്റ്റാർഷിപ്പ് വിമാനം മസ്കിന്റെ ചൊവ്വ ദൗത്യത്തിൽ സുപ്രധാന പങ്കുവഹിക്കും. പര്യവേക്ഷണ ദൗത്യങ്ങൾക്കായി ചന്ദ്രനിലേക്കും ചൊവ്വയിലേക്കും മനുഷ്യരെയും അവർക്കാവശ്യമായ സാധനസാമഗ്രികളെയും വഹിക്കാൻ ശേഷിയുള്ളതാണ് ഈ ബഹിരാകാശ റോക്കറ്റ്. പൂർണമായും പുനരുപയോഗിക്കാവുന്ന സംവിധാനമാണ് ഇത്.

## കേരള ലിറ്റററി സൊസൈറ്റി ഡാളസിന്റെ പുരസ്കാരം ജെസ്സി ജയകൃഷ്ണന്

– ജോസഫ് ജോൺ കാൽഗറി



കേരള ലിറ്റററി സൊസൈറ്റി ഡാളസ് ഏർപ്പെടുത്തിയ, മഹാകവി ജേക്കബ് മനയിൽ സ്മാരക കവിത അവാർഡ് എഡ്മിന്റൺ സ്വദേശി ജെസ്സി ജയകൃഷ്ണന് ലഭിച്ചു.

ജെസ്സിയുടെ നൊഷ്ടാൾജിയ എന്ന കവിതക്കാണ് അവാർഡ്. പ്രശസ്ത മലയാള കവി സെബാസ്റ്റ്യൻ ജൂറിയായ കമ്മിറ്റിയാണ് അമേരിക്കയിലെയും കാനഡയിലെയും നിരവധിയായ കവിതകളിൽ നിന്നും നൊഷ്ടാൽജിയ തെരഞ്ഞെടുത്തത്. കാനഡയിലെ പുതുതലമുറ കുടിയേറ്റക്കാരുടെ സൃഷ്ടികൾ, അവാർഡിന് അർഹമാകുന്നത്, പുതിയ എഴുത്തുകാർക്ക് പ്രചോദനം നൽകുന്നതാണ്.

ക്യാഷ് അവാർഡും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് മാർച്ച് 8ന് അമേരിക്കയിലെ ഡാളസിൽ വെച്ച് നടക്കുന്ന ചടങ്ങിൽ വെച്ച് സമ്മാനിച്ചു.

മലപ്പുറം ജില്ലയിലെ താനൂർ സ്വദേശിയായ ജെസ്സി, കഴിഞ്ഞ പതിനാല് വർഷമായി, കാനഡയിലെ ആൽബർട്ട പ്രവിശ്യയിലെ എഡ്മണ്ടണിൽ താമസിക്കുന്നു. ഭർത്താവ് ജയകൃഷ്ണൻ. മക്കൾ നിവേദിത, ആദിത്യ. യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ട ആശുപത്രിയിൽ നഴ്സ് ആയി ജോലി ചെയ്യുന്ന ജെസ്സിയുടെ കവിതകൾ സമകാലികങ്ങളിലും, സാമൂഹ്യ മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ക്യാപിറ്റൽ കപ്പ് സോക്കർ മാമാങ്കം വാഷിംഗ്ടൺ ഡി സിയിൽ മെയ് 24ന്

വാഷിംഗ്ടൺ ഡി സി യിലെ പ്രമുഖ സ്പോർട്സ് ക്ലബ്ബായ മേരിലാൻഡ് സ്ട്രൈക്കേഴ്സ് നടത്തുന്ന നോർത്ത് അമേരിക്കൻ സോക്കർ ടൂർണമന്റ് മെമ്മോറിയൽ വീക്കെൻഡായ മെയ് 24ന് നടക്കുമെന്ന് ക്ലബ് ഭാരവാഹികൾ അറിയിച്ചു.

അമേരിക്കയിലും കാനഡയിൽ നിന്നുമായി ഒരു ഡസനിലധികം മലയാളി സോക്കർ ടീമുകളാണിത്തവണ ക്യാപിറ്റൽ കപ്പിനായി മാറ്റുരയ്ക്കുന്നത്.

മെരിലാന്റിലെ ഫ്രഡറിക്ക് കൗണ്ടി ഒഥല്ലോ റീജയണൽ പാർക്കിലെ ടർഫ് ഫീൽഡിൽ നടക്കുന്ന മത്സരം ഒരു ദിവസം കൊണ്ട് തീർക്കുന്ന ക്രമീകരണങ്ങളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.

ഇത്തവണ ഒരു ക്ലബ്ബിന്റെ ഫണ്ട് റേയ്സിംഗിനായി ഒരു റാഫിൾ ഡ്രോയും ടൂർണ്ണമെന്റ് ദിനം നടത്തുന്നതായിരിക്കും. റാഫിൾ ടിക്കറ്റ് വിൽപന ക്ലബ്ബ് നിലവിൽ ഊർജ്ജിതമായി നടത്തി വരുന്നു.

ടൂർണ്ണമെന്റ് വിശിഷ്ടാതിഥികളായി നോർത്ത് അമേരിക്കൻ മലയാളി സംഘടനകളുടെ നേതൃനിരയിലെ പ്രമുഖർ പങ്കെടുക്കുന്നു.

ക്ലബ് ഭാരവാഹികളായ നബീൽ വളപ്പിൽ, ഡോ. മധു നമ്പ്യാർ, റെജി തോമസ് എന്നിവർ വിവരങ്ങൾ പങ്ക് വച്ചു.

ടൂർണ്ണമെന്റ് നടത്തിപ്പിനായി സൈകേഷ് പദ്മനാഭൻ, മനു സെബാസ്റ്റ്യൻ, സോം സുന്ദർ, നൈജു അഗസ്റ്റിൻ, ടെനി സെബാസ്റ്റ്യൻ, അനിൽ ലാൽ, ബിജേഷ് തോമസ്, ദിലീപ് പിള്ള, ബോസ്കി ജോസഫ്, റോയ് റാഫേൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ സംഘാടക കമ്മറ്റികൾ നിലവിൽ വന്നു.

April 5: **National Deep Dish Pizza Day**

A day dedicated to enjoying deep-dish pizza, particularly popular in Chicago, celebrating this hearty and delicious style of pizza.

## ഫിലാഡൽഫിയ എക്യൂമെനിക്കൽ ഫെലോഷിപ്പ് ലോകപ്രാർത്ഥനാ ദിനം ആചരിച്ചു



– ഡാനിയേൽ പി തോമസ്

ഫിലാഡൽഫിയ: എക്യൂമെനിക്കൽ ഫെല്ലോഷിപ് ഓഫ് ഇൻഡ്യൻ ചർച്ചസ് ഇൻ പെൻസിൽവാനിയ വനിതാഫോറത്തിന്റെ നേതൃത്വത്തിൽ ഇരുപത്തിയൊന്നാമതു ലോകപ്രാർത്ഥനാദിനം സെന്റ്  തോമസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ചിൽ വച്ച് നടത്തപ്പെട്ടു.

സമൂഹത്തിലെ അശരണരും ആലംബഹീനരുമായ ജനസമൂഹത്തിന്റെ ഉന്നമനത്തിനായിട്ടുള്ള നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിച്ചു വരുന്ന പ്രാർത്ഥനാ ഗ്രൂപ്പാണ് എക്യൂമെനിക്കൽ ഫെലോഷിപ്പ്. പെൻസിൽവാനിയയിലുള്ള 22 എപ്പിസ്കോപ്പൽ പള്ളികൾ ഈ വർഷത്തെ ലോക പ്രാത്ഥനാദിനത്തിൽ പങ്കെടുത്തു.

ഘോഷയാത്രയോടു കൂടി ആരംഭിച്ച ലോക പ്രാത്ഥന ദിനത്തിലേക്ക് ഈ വർഷത്തെ കോ കോർഡിനേറ്റർസ് ഷാന്റി കുരുവിള, സാറ ഐപ്പ് എന്നിവർ സ്വാഗതം ചെയ്തു.

മാർതോമ ചർച്ച് ഇടവക വികാരി റവ. അരുൺ സാമുവേൽ വർഗീസിന്റെ പത്നി ഷാരോൺ മാത്യൂസ് നിലവിളക്കു കൊളുത്തി. എക്യൂമെനിക്കൽ ചെയർമാൻ റവ. ഫാദർ അനിൽ കെ തോമസ്, റിലീജിയസ് ആക്ടിവിറ്റി കോഓർഡിനേറ്റർ റവ.ഫാദർ ജേക്കബ് ജോൺ എന്നിവർ ആരാധനക്ക് നേതൃത്വം നൽകി. എക്യൂമെനിക്കൽ ക്വയർ കോർഡിനേറ്റർ തോമസ് എബ്രഹാമിന്റെ നേതൃത്വത്തിൽ വളരെ മനോഹരമായി ഗാനങ്ങൾ ആലപിച്ചു.

കുക്ക് ഐലൻഡ് ജനതയെ പ്രതിനിധീകരിച്ചു മോണോലോഗ് ലൈവ് ആയി അവതരിപ്പിച്ചത് എമിലിൻ റോസ് തോമസും അനില ജോർജും ചേർന്നാണ്.

കുക്ക് ഐലൻഡ് തീം ഡാൻസിന് കൊറിയോ ഗ്രാഫ് ചെയ്ത ലാസ്യ ഡാൻസ് അക്കാദമി ആശ ആഗസ്റ്റിൻ ആൻഡ് ടീമിനോടുള്ള പ്രത്യേകമായ നന്ദി ഭാരവാഹികൾ അറിയിച്ചു. കുക്ക് ഐലൻഡ് ലിറ്റർജിക്കൽ ഡാൻസ് കൊറിയോ ഗ്രാഫ്  ചെയ്ത ഭാരതം ഡാൻസ് അക്കാദമി ആൻഡ് ടീമിനോടുള്ള നന്ദിയും രേഖപ്പെടുത്തി. ഗാനാലാപം നടത്തിയ സെയിന്റ് ജൂഡ് സിറോമലങ്കര ഇംഗ്ലീഷ് ക്വയറിനു നന്ദി പറഞ്ഞു.

ഈ വർഷത്തെ എക്യൂമെനിക്കൽ വേൾഡ് ഡേ പ്രയറിനു നേതൃത്വം നൽകിയത് വിമൻസ് ഫോറം കോർഡിനേറ്റർ റിബ ജേക്കബ് ആയിരുന്നു. എംസി ആയി എക്യൂമിനിക്കൽ പ്രോഗ്രാം കോർഡിനേറ്റർ മെർലിൻ അഗസ്റ്റിൻ പ്രവർത്തിച്ചു.

റവ. ഫാദർ അനിൽ കെ തോമസ് (ചെയർമാൻ), റവ. ഫാദർ ബാബു മഠത്തിപ്പറമ്പിൽ (കോചെയർമാൻ), റവ.ഫാദർ ജേക്കബ് ജോൺ (റിലീജിയസ് ആക്ടിവിറ്റി കോർഡിനേറ്റർ), സ്വപ്ന സെബാസ്റ്റ്യൻ (സെക്രട്ടറി), ജെയിൻ കല്ലറക്കൽ (ട്രഷറർ), സജു വർഗീസ് (ജോയിന്റ് സെക്രട്ടറി), പിആർഓ ഡാനിയേൽ തോമസ്, ഷൈല രാജൻ (ജോയിന്റ് ട്രഷറർ), റിബ ജേക്കബ് (കോഓർഡിനേറ്റർ, വുമൺസ് ഫോറം), ഷാന്റി കുരുവിള (കോ കോർഡിനേറ്റർ വുമൺസ് ഫോറം), സാറ ഐപ്പ് (കോ കോർഡിനേറ്റർ വുമൺസ് ഫോറം), സുമ ചാക്കോ, ലിസി തോമസ്, നിർമ്മലാ ഏബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികളുടെയും നിരവധി വൈദീകരുടെയും വനിതാ പ്രതിനിധികളുടെയും സഹകരണവും ഈ വർഷത്തെ ലോക ലോകപ്രാർത്ഥനാദിനം വൻവിജയമാക്കിത്തീർക്കുവാൻ സഹായിച്ചു.

## വേൾഡ് മലയാളി കൗൺസിൽ തിരുകൊച്ചി പ്രൊവിൻസിന്റെ പുതിയ ഭാരവാഹികൾ അധികാരമേറ്റു



കൊച്ചി: വേൾഡ് മലയാളി കൗൺസിലിന്റെ തിരുകൊച്ചി പ്രൊവിൻസിന്റെ പുതിയ ഭാരവാഹികൾ അധികാരമേറ്റു. എറണാകുളത്തെ ലൂമിനാർ ഹോട്ടലിൽ ഗ്ലോബൽ ഫൗണ്ടർ ജനറൽ സെക്രട്ടറി അലക്സ് വിളനിലത്തിന്റെ അധ്യക്ഷതയിൽ മാർച്ച് 15 ശനിയാഴ്ച നടന്ന ജനറൽ ബോഡി യോഗത്തിലാണ് 2025–27 കാലയളവിലെ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

ജോസഫ് മാത്യു (ചെയർമാൻ), ജോൺസൺ സി.എബ്രഹാം (പ്രസിഡന്റ്), അഡ്വ. പ്രവീൺ ജോയ് (ജനറൽ സെക്രട്ടറി), സാജു കുര്യൻ (ട്രഷറർ), ഹെൻറി ഓസ്റ്റിൻ (വൈസ് ചെയർമാൻ), സലീന മോഹൻ (വൈസ് ചെയർ), അഡ്വ.പി.ജെ.മാത്യു(വൈസ് പ്രസിഡന്റ്), അഡ്വ.ലാലി ജോഫിൻ(വൈസ് പ്രസിഡന്റ്), എബിൻ ജോസ് (വൈസ് പ്രസിഡന്റ്), സിമ്മി ബാലചന്ദ്രൻ (സെക്രട്ടറി), മോനി വി.അടുകുഴി (ജോയിന്റ് സെക്രട്ടറി), ജോളി പവേലിൽ (ജോയിന്റ് ട്രഷറർ) എന്നിവർ സത്യവാചകം ചൊല്ലി അധികാരമേറ്റു. തോമസ് മൊട്ടയ്ക്കൽ(ഗ്ലോബൽ പ്രസിഡന്റ്) ആശംസകൾ അർപ്പിച്ചു.

ദിനേശ് നായർ (ഗ്ലോബൽ സെക്രട്ടറി ജനറൽ), ഷാജി മാത്യു (ഗ്ലോബൽ ട്രഷറർ), ഫാ. അനിൽ ഫിലിപ്പ് (പാട്രൺ, തിരുകൊച്ചി പ്രൊവിൻസ്), ജോർജ് കുളങ്ങര (ഗ്ലോബൽ ചെയർമാൻ എൻവയോൺമെന്റൽ ഫോറം), സുജിത്ത് ശ്രീനിവാസൻ(ഗ്ലോബൽ ചെയർമാൻ ട്രാവൽ ആൻഡ് ടൂറിസം), പി.എൻ.രവി (ഇന്ത്യ റീജിയൻ ചെയർമാൻ), രാമചന്ദ്രൻ പേരാമ്പ്ര (ഇന്ത്യൻ റീജിയൻ ട്രഷറർ) എന്നിവർ പ്രസംഗിച്ചു.

## മാഗ് കേരള ഹൗസിൽ സംഘടിപ്പിച്ച യുണൈറ്റ് ആൻഡ് ഇൻസ്പയർ ഇവന്റ് ശ്രദ്ധേയമായി

സ്റ്റഫോഡ്: ഗ്രെയ്റ്റർ ഹൂസ്റ്റൺ മലയാളി അസോസിയേഷന്റെ ആതിഥേയത്വത്തിൽ കേരള ഹൗസിൽ മാർച്ച് 7, വെള്ളിയാഴ്ച വൈകിട്ട് സംഘടിപ്പിച്ച യുണൈറ്റ് ആൻഡ് ഇൻസ്പയർ പരിപാടി വിവിധ സംഘടനകളുടെ മികച്ച പങ്കാളിത്തവും സഹകരണവും കൊണ്ട് ശ്രദ്ധേയമായി.

ഒരുമ, പിയർലാൻഡ് മലയാളി കമ്മ്യൂണിറ്റി, ഹൂസ്റ്റൺ റാന്നി അസോസിയേഷൻ, സ്റ്റാർസ് ഓഫ് ഹൂസ്റ്റൺ (എസ്.ഒ.എച്ച്), ഫ്രണ്ട് ഓഫ് തിരുവല്ല, കോട്ടയം ക്ലബ്, മലയാളി അസോസിയേഷൻ സിയന്ന (എം.എ.എസ്), ടെക്സസ് ഇന്റർ നാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ് (ടി.ഐ.എസ്.എ.സി), സൗത്ത് ഇന്ത്യൻ യു എസ് ചേംബർ ഓഫ് കൊമേഴ്സ് (എസ്.ഐ.യു.എസ്.സി), മലയാളീ എഞ്ചിനിയേഴ്സ്, റിലീഫ് കോർണർ, നേഴ്സസ് അസോസിയേഷൻ, മല്ലപ്പള്ളി സംഗമം, വേൾഡ് മലയാളി, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക എന്നിവയുൾപ്പെടെ വിവിധ മലയാളി സംഘടനകളിൽ നിന്നായി 40ലധികം അംഗങ്ങൾ പങ്കെടുത്ത പരിപാടി മലയാളി സമൂഹത്തിന്റെ കൂട്ടായ്മ വിളിച്ചോതുന്നതായി. മാഗ് മുൻ പ്രസിഡന്റ് പൊന്നു പിള്ള, അച്ചൻകുഞ്ഞ് എന്നിവരുടെ സാന്നിധ്യം ഈ കൂട്ടായ്മയെ അതുല്യമാക്കി.

## ചൈൽഡ്ഹുഡ് കാൻസർ ഗവേഷണത്തിന് ഫണ്ട് നൽകണമെന്ന് മനീഷ മോദി

ഫ്രെമോണ്ട്, കാലിഫോർണിയ: ചൈൽഡ്ഹുഡ് കാൻസർ ഗവേഷണത്തിന് ഫണ്ട് നൽകണമെന്ന് ഫ്രീമോണ്ട് നിവാസിയും അമേരിക്കൻ കാൻസർ സൊസൈറ്റി കാൻസർ ആക്ഷൻ നെറ്റ്വർക്ക് വളണ്ടിയറുമായ മനീഷ മോദി മേത്ത കോൺഗ്രസ്സിനോട് അഭ്യർത്ഥിച്ചു. 15-ാമത് വാർഷിക അലയൻസ് ഫോർ ചൈൽഡ്ഹുഡ് കാൻസർ ആക്ഷൻ ഡെയ്സിനായി രാജ്യ തലസ്ഥാനത്ത് 350 മറ്റ് കാൻസർ രോഗികളും അതിജീവിച്ചവരും കുടുംബാംഗങ്ങളും ചേർന്ന ചടങ്ങിലാണ് മനീഷ മോദി ഈ അഭ്യർത്ഥന നടത്തിയത്

ബാല്യകാല കാൻസറിനെതിരായ പോരാട്ടത്തിൽ ശക്തമായ പിന്തുണ നൽകുന്നതിനായി 39 സംസ്ഥാനങ്ങളിൽ നിന്നും ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയയിൽ നിന്നുമുള്ള അഭിഭാഷകർ ഒത്തുചേർന്നു.

പ്രതിനിധി റോ ഖന്നയുടെ ലെജിസ്ലേറ്റീവ് അസിസ്റ്റന്റിനെയും മറ്റ് കോൺഗ്രസ് സ്റ്റാഫുകളെയും മനീഷ കാണുകയും 14 വയസ്സുള്ളപ്പോൾ ആക്രമണാത്മകവും ചികിത്സിക്കാൻ പ്രയാസകരവുമായ ഒരു മസ്തിഷ്ക ട്യൂമർ മൂലം മരണമടഞ്ഞ തന്റെ മകൻ റോണിലിന്റെ കഥ പങ്കുവെക്കുകയും ചെയ്തു. ബാല്യകാല കാൻസറിനുള്ള പദ്ധതികൾക്ക് ധനസഹായം നൽകാനും ബാല്യകാല കാൻസറിനുള്ള ഗവേഷണം ഒരു ദേശീയ മുൻഗണനയായി തുടരുന്നുവെന്ന് ഉറപ്പാക്കാനും അവർ കോൺഗ്രസിനോട് ആവശ്യപ്പെട്ടു. കാൻസർ ബാധിച്ച കുട്ടികളിൽ ഭൂരിഭാഗവും, അവരിൽ 85% പേരും, അഞ്ച് വർഷമോ അതിൽ കൂടുതലോ അതിജീവിക്കുന്നു. അമ്പത് വർഷങ്ങൾക്ക് മുമ്പുള്ള ഏകദേശം 58% എന്ന അഞ്ച് വർഷത്തെ അതിജീവന നിരക്കിൽ നിന്ന് ഇത് ഗണ്യമായ പുരോഗതിയാണ്. എന്നിരുന്നാലും, റോണിലിനെപ്പോലെയുള്ള ചില ബാല്യകാല കാൻസറുകൾക്ക് ഇപ്പോഴും മോശം രോഗനിർണയമുണ്ട്. രോഗികളെ കൂടുതൽ കാലം ജീവിക്കാൻ സഹായിക്കുന്ന ചികിത്സകൾ മെച്ചപ്പെടുത്തുന്നതിന് കാൻസർ ഗവേഷണം നിർണായകമാണ്, മനീഷ ഒരു പ്രസ്താവനയിൽ പറഞ്ഞു. ബാല്യകാല കാൻസറിനെതിരായ പോരാട്ടത്തിൽ കണ്ടെത്തലുകൾ മുന്നോട്ട് കൊണ്ടുപോകാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിലും നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലും ശക്തമായ നിക്ഷേപം നടത്തുന്നത് തുടരണമെന്ന് അവർ കോൺഗ്രസിനോട് ആവശ്യപ്പെട്ടു. പുതുതായി രോഗനിർണയം നടത്തുന്ന 14,000 കുട്ടികളിലും കൗമാരക്കാരിലും എൺപത് ശതമാനവും ജീവൻ രക്ഷിക്കുന്ന പരിചരണം നൽകുന്നതിന് ഗവേഷണ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. പുതുതായി രോഗനിർണയം നടത്തുന്ന കുട്ടികളിൽ പകുതിയിലധികം പേരും ക്ലിനിക്കൽ പരീക്ഷണങ്ങളിൽ ചേരുന്നു.

## മാർത്തോമ്മാ സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് ...

*4-ാം പേജിൽ നിന്നും*

രണ്ടു ദിവസത്തെയും പരിപാടികൾ നിയന്ത്രിച്ചു. സേവികാ സംഘം സെക്രട്ടറി ജൂലി സഖറിയാ നന്ദി പറഞ്ഞു.

കോൺഫറൻസിന്റെ വിജയത്തിനായി റവ. സാം. ഈശോ (വികാരി, പ്രസിഡണ്ട്), റവ. ജീവൻ ജോൺ (അസി.വികാരി, വൈസ് പ്രസിഡണ്ട്), എബ്രഹാം ഇടിക്കുള (ജനറൽ കൺവീനർ), തങ്കമ്മ ജോർജ് (പ്രയർ സെൽ), സൂസൻ ജോസ് (ഷീജ രജിസ്ട്രേഷൻ), ബാബു ടി ജോർജ് (ഫിനാൻസ്), ജോസഫ് ജോർജ് തടത്തിൽ (ഫുഡ്), ഷെറി റജി (മെഡിക്കൽ), മാത്യു സക്കറിയ (ബ്ലെസ്സൺ ക്വയർ), ജൂലി സക്കറിയ (പ്രോഗ്രാം ആൻഡ് എന്റർടൈൻമെന്റ്), ലില്ലിക്കുട്ടി തോമസ് (റിസപ്ഷൻ, ഹോസ്പിറ്റാലിറ്റി), വർഗീസ്. കെ ചാക്കോ (അക്കമൊഡേഷൻ), വർഗീസ് ശാമുവേൽ (ബാബു ട്രാൻസ്പോർട്ടേഷൻ), ജോൺ ഫിലിപ്പ് (സണ്ണി പബ്ലിസിറ്റി), ജെയ്സൺ ശാമുവേൽ (ഓഡിയോ വീഡിയോ മിനിസ്ട്രി) എന്നീ കൺവീനർമാരുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മിറ്റികൾ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ചു. ഫോട്ടോഗ്രാഫിക്ക് ജോസഫ് വർഗീസ് (രാജൻ) നേതൃത്വം നൽകി.



*ഗ്രെയ്റ്റർ ഹൂസ്റ്റൺ മലയാളി അസോസിയേഷന്റെ ആതിഥേയത്വത്തിൽ കേരള ഹൗസിൽ നടന്ന സമ്മേളനത്തിൽ നിന്നും*

## ഡാലസ് മലയാളി അസോസിയേഷൻ ലയൺസ് ക്ലബുമായി സഹകരിച്ചു കേരളത്തിൽ ചാരിറ്റി പ്രവർത്തനങ്ങൾക്കു തുടക്കം



**- ബിനോയി സെബാസ്റ്റ്യൻ**

ഡാലസ്: നോർത്ത് അമേരിക്കയിലെ പ്രമുഖ സാംസ്കാരിക സംഘടനയായ ഡാലസ് മലയാളി അസോസിയേഷൻ ആദ്യമായി ലയൺസ് ക്ലബുമായി സഹകരിച്ച് കേരളത്തിൽ കാരുണ്യ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. അടുത്ത രണ്ടു വർഷങ്ങളുടെ കാലയളവിൽ അൻപതു ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടത്തുന്നത്.

ഇതിന്റെ ഭാഗമായി പ്രമുഖ വ്യവസായിയും സാംസ്കാരിക പ്രവർത്തകനും അസോസിയേഷൻ പ്രസിഡന്റുമായ ജൂഡി ജോസ് അദ്യ ചെക്ക് ലയൺസ് ക്ലബ് കൊച്ചിൻ ഡിസട്രിക്ട് (318സി) ചെയർ പേഴ്സൺ ക്യാപ്റ്റൻ ബിനു വർഗീസിനു കൈമാറി.

കൊച്ചിൻ ഗോകുലം കൺവൻഷൻ സെന്ററിൽ വച്ചു നടന്ന ചടങ്ങിൽ മുൻ ഡിസ്ട്രിക്റ്റ് ഗവർണ്ണർ അഡ്വ. വി. അമരനാഥ്, ഡാലസ് മലയാളി അസോസിയേഷൻ ഡയറക്ടർ ഡെക്സ്റ്റർ ഫെരേര, ഫോമാ സതേൺ റീജിയൻ വൈസ് പ്രസിഡന്റ് ബിജു ലോസൺ തുടങ്ങിയവർ പങ്കെടുത്തു.

വികലാംഗർക്കുള്ള പ്രത്യേക സാങ്കേതിക ഉപകരണങ്ങൾ, പാവങ്ങൾക്കുവേണ്ടിയുള്ള ഹംഗർ പ്രോജക്ട്, ഐ സർജറി സഹായപദ്ധതി, ഹൃദയ ശസ്ത്രക്രിയ സഹായം തുടങ്ങിയ രംഗങ്ങളിലാണ് നിലവിൽ സഹകരിക്കുന്നത്.

ലയൺസ് ക്ലബിന്റെ നിസ്വാർഥ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച അസോസിയേഷൻ പ്രസിഡന്റ് ജൂഡി ജോസ് അമേരിക്കൻ മലയാളികളുടെ സാന്നിധ്യത്തോടെ കേരളത്തിൽ ജീവിക്കുന്ന സഹോദരങ്ങളുടെ സഹായത്തിനായി ലയൺസ് ക്ലബുമായി കുടുതൽ പദ്ധതികളുമായി സഹകരിക്കുമെന്നു പറഞ്ഞു.

## അറ്റ്ലാന്റ മെട്രോ മലയാളി അസോസിയേഷൻ വനിതാ ദിനം ആഘോഷിച്ചു



**- അമ്മു സക്കറിയ**

അറ്റ്ലാന്റ: അറ്റ്ലാന്റ മെട്രോ മലയാളി അസോസിയേഷൻ(അമ്മ)വനിതാ ദിനം വ്യത്യസ്ത പരിപാടികളോടെ ആഘോഷിച്ചു.

കൊട്ടും കുരവയും പാട്ടും മേളങ്ങളുമില്ലാതെ സ്വന്തമായി പുറത്തു പോയി ആഘോഷങ്ങളിൽ പങ്കു കൊള്ളാൻ പ്രായാധിക്യവും ആരോഗ്യവും അനുവദിക്കാതെ വീടിനുള്ളിൽ കഴിയുന്നവരോടൊത്ത് ഭക്ഷണം കഴിച്ചും സംഭാഷണങ്ങളിൽ പങ്കു കൊണ്ടും അവരെ ആശ്വസിപ്പിച്ചും അംഗങ്ങൾ വനിതാദിനം വ്യത്യസ്തമാക്കി.

മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിലാണ് കൃതാർത്ഥത എന്ന മാതൃകയാണ് അമ്മസ്വീകരിച്ചത്. നിസ്സഹായ അവസ്ഥയിൽ ഒരു താങ്ങായി കൈ പിടിക്കാൻ കൂടെ ആളുണ്ട് എന്നൊരു ധൈര്യം കൊടുക്കുക, അവരെയും നമ്മോട് ചേർത്തു നിർത്തുക അതാണ് അമ്മ വിമൺസ് ഫോറം ആഗ്രഹിക്കുന്നത്.

ഓണം, ക്രിസ്തുമസ് എന്നീ വിശേഷാവസരങ്ങളിലും അമ്മഇങ്ങനെയുള്ള പരിപാടികൾ നടത്തുന്നു. ഇവയ്ക്കെല്ലാം പ്രചോദനംനൽകുവാനും കൂടെ നിൽക്കുവാനും അമ്മ പ്രസിഡന്റ് ജിത്തു വിനോയി, വൈസ് പ്രസിഡന്റ് കാജൽ സഖറിയ, സെക്രട്ടറി റോബിൻ, ട്രഷറർ ഷാനു പ്രകാശ്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ എപ്പോഴും തയ്യാറാണ് എന്നുള്ളത് സന്തോഷം നൽകുന്നതാണ്.

ഏറ്റവും സീനിയറായിട്ടുള്ള അംഗവും ഏറ്റവും പ്രായം കുറഞ്ഞ അംഗവുമായിട്ടുള്ള കൂടിക്കാഴ്ച കൂടിയായിരുന്നു ഇത്. വിമൻസ് ഫോറത്തെ പ്രതിനിധീകരിച്ച് ഗ്രേസി തരിയൻ, ആനി ചെറിയാൻ, കൃഷ്ണ രവീന്ദ്രനാഥ്, കവിത എന്നിവരും എക്സിക്യൂട്ടീവ് അംഗങ്ങളെ പ്രതിനിധീകരിച്ച് ഷാനു പ്രകാശ്, ലൂക്കോസ് തരിയൻ എന്നിവരും പങ്കെടുത്തു.

## കൊളംബിയ യൂണിവേഴ്സിറ്റി വിദ്യാർത്ഥിനിയെ അറസ്റ്റ് ചെയ്ത് നാടുകടത്താനുള്ള ശ്രമം നിർത്തിവെക്കണമെന്നു ഫെഡറൽ ജഡ്ജി

**– പി പി ചെറിയാൻ**

ന്യൂയോർക്ക്: പാലസ്തീൻ അനുകൂല പ്രകടനങ്ങളിൽ പങ്കെടുത്ത 21 വയസ്സുള്ള കൊളംബിയ യൂണിവേഴ്സിറ്റി വിദ്യാർത്ഥിനിയെ അറസ്റ്റ് ചെയ്ത് നാടുകടത്താനുള്ള ശ്രമം നിർത്തിവെക്കണമെന്നു ട്രംപ് ഭരണകൂടത്തോട് ചൊവ്വാഴ്ച ഒരു ഫെഡറൽ ജഡ്ജി ഉത്തരവിട്ടു.

7 വയസ്സുള്ളപ്പോൾ ദക്ഷിണ കൊറിയയിൽ നിന്ന് കുടുംബത്തോടൊപ്പം യുൻസിയോ ചുങ് അമേരിക്കയിലേക്ക് താമസം മാറി, ഉന്നത വിദ്യാഭ്യാസത്തിന്റെ വാലിഡിക്ടോറിയൻ ആയിരുന്നു.

ചുങ്ങിന്റെ അഭിഭാഷകർ സമർപ്പിച്ച കേസ് പ്രകാരം, ഈ മാസം യുൻസിയോ ചുങ് എന്ന വിദ്യാർത്ഥിനിയെ അറസ്റ്റ് ചെയ്യാൻ ഭരണകൂടം ശ്രമിച്ചു തുടങ്ങിയിരുന്നു. ചുങ് സമൂഹത്തിന് അപകടമുണ്ടാക്കുന്നതായോ 'വിദേശ നയ അപകടസാധ്യത' സൃഷ്ടിക്കുന്നതായോ തീവ്രവാദ സംഘടനകളുമായി ആശയവിനിമയം നടത്തിയതായോ 'രേഖകളിൽ ഒന്നും'സൂചിപ്പിക്കുന്നില്ല. ചൊവ്വാഴ്ച മാൻഹട്ടൻ ഫെഡറൽ കോടതിയിൽ നടന്ന ഒരു വാദം കേൾക്കുന്നതിനിടെ ജഡ്ജി നവോമി ബുച്ച്വാൾഡ് പറഞ്ഞു.

വ്യത്യസ്തമായ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ ചുങ്ങിനെ തടങ്കലിൽ വയ്ക്കാൻ സർക്കാർ ശ്രമിക്കുകയാണെങ്കിൽ, അവർക്കും അവരുടെ അഭിഭാഷകർക്കും 'മതിയായ മുൻകൂർ അറിയിപ്പ്' നൽകണമെന്നും ഉത്തരവിൽ പറയുന്നു.

ചുങ് നിയമപരമായ സ്ഥിര താമസക്കാരിയാണ്. കൊളംബിയയുടെ കാമ്പസിലെ പ്രകടനങ്ങളിൽ അവർ പ്രമുഖ പങ്കാളിയായിരുന്നില്ല; മാൻഹട്ടൻ സർവകലാശാലയുടെ സഹോദര സ്കൂളായ ബർണാർഡ് കോളേജിൽ ഈ മാസം നടന്ന പ്രതിഷേധത്തിൽ മറ്റ് നിരവധി വിദ്യാർത്ഥികളോടൊപ്പം അവരെ അറസ്റ്റ് ചെയ്തു.

ചുങ്ങിന്റെ അഭിഭാഷകനും സിറ്റി യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിലെ ലീഗൽ ക്ലിനിക്കായ ക്ലിയറിന്റെ സഹഡയറക്ടറുമായ റാംസി കാസെം, വാദം കേൾക്കലിനുശേഷം ഒരു വാർത്താ സമ്മേളനത്തിൽ തന്റെ കക്ഷി 'ന്യൂയോർക്കിലെ സതേൺ ഡിസ്ട്രിക്റ്റിൽ താമസക്കാരിയായി തുടർന്നു' എന്നും ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റിന് അവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പറഞ്ഞു. വാദം കേൾക്കുന്നതിനിടയിൽ, മിസ് ചുങ് 'അവരുടെ കോഴ്സ് വർക്ക് തുടരുന്നുണ്ടെന്ന്' അദ്ദേഹം പറഞ്ഞു.

മിസ് ചുങ്ങിനെ തടങ്കലിൽ വയ്ക്കാനും നാടുകടത്താനുമുള്ള തങ്ങളുടെ ദൗത്യത്തെ ന്യായീകരിക്കാൻ ട്രംപ് ഭരണകൂടം അപൂർവ്വമായി ഉപയോഗിക്കുന്ന ഒരു നിയമ ചട്ടം ഉദ്ധരിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ അവരുടെ സാന്നിധ്യം ഭരണകൂടത്തിന്റെ വിദേശനയ ലക്ഷ്യമായ സെമിറ്റിസത്തിന്റെ വ്യാപനം തടയുന്നതിന് തടസ്സമാണെന്ന് സർക്കാർ വാദിക്കുന്നു.

ലൂസിയാനയിൽ തടവിലാക്കപ്പെട്ട കൊളംബിയ മാസ്റ്റേഴ്സ് പ്രോഗ്രാമിൽ നിന്ന് ബിരുദം നേടിയ മഹ്മൂദ് ഖലീലിനെ അറസ്റ്റ് ചെയ്തതിന് ശേഷം, ഈ മാസം സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ഇതേ ന്യായീകരണം മുന്നോട്ടുവച്ചിരുന്നു.

വിദേശ ഭീകര സംഘടനയായ ഹമാസിനെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെ ഐസിഇ അന്വേഷിക്കുമെന്ന് പ്രസ്താവനയിൽ പറഞ്ഞു. ചുങ് ഹമാസിനെ പിന്തുണച്ചിരുന്നു എന്നതിന് തെളിവ് നൽകാനുള്ള അഭ്യർത്ഥനയോട് അവർ ഉടൻ പ്രതികരിച്ചില്ല. ജഡ്ജി ബുച്ച്വാൾഡിന്റെ തീരുമാനത്തെക്കുറിച്ച് അഭിപ്രായം ചോദിച്ചതിന് വകുപ്പിന്റെ പത്ര പ്രതിനിധികൾ ഉടൻ പ്രതികരിച്ചില്ല.

## 220,000 സെഗ്വേ സ്കൂട്ടറുകൾ തിരിച്ചുവിളിക്കുന്നു

**– പി പി ചെറിയാൻ**

ന്യൂയോർക്: വീഴ്ചയിൽ ഉപയോക്താക്കൾക്ക് പരിക്കേൽക്കുന്നതിനാൽ യുഎസിലുടനീളം വിറ്റഴിച്ച ഏകദേശം 220,000 സ്കൂട്ടറുകൾ സെഗ്വേ തിരിച്ചുവിളിക്കുന്നു. ഈ സ്കൂട്ടറുകൾ കൈവശമുള്ള ഉപഭോക്താക്കൾ ഉടൻ തന്നെ അവ ഉപയോഗിക്കുന്നത് നിർത്തി സെഗ്വേയുമായി ബന്ധപ്പെടുകയും സൗജന്യ അറ്റകുറ്റപ്പണി കിറ്റ് അഭ്യർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

യുഎസ് ഉപഭോക്തൃ ഉൽപ്പന്ന സുരക്ഷാ കമ്മീഷൻ പ്രസിദ്ധീകരിച്ച ഒരു അറിയിപ്പ് അനുസരിച്ച്, സെഗ്വേയുടെ നിനെബോട്ട് മാക്സ് ജി 30പി, മാക്സ് ജി30എൽപി കിക്ക് സ്കൂട്ടറുകളിലെ മടക്കാവുന്ന സംവിധാനം ഉപയോഗത്തിനിടെ പരാജയപ്പെടാം. ഇത് സ്കൂട്ടറുകളുടെ ഹാൻഡിൽ ബാറുകളോ സ്റ്റെമോ മടങ്ങാൻ കാരണമാകുന്നു.

അത് ഗുരുതരമായ പരിക്കുകൾക്ക് കാരണമാകുമെന്ന് കമ്മീഷൻ മുന്നറിയിപ്പ് നൽകുന്നു. വ്യാഴാഴ്ചത്തെ തിരിച്ചുവിളിക്കൽ നോട്ടീസിൽ സെഗ്വേയ്ക്ക് ഫോൾഡിംഗ് മെക്കാനിസം പരാജയങ്ങളുടെ 68 റിപ്പോർട്ടുകൾ ലഭിച്ചു. ഇപ്പോൾ പുനർനാമകരണം ചെയ്യപ്പെട്ട സ്കൂട്ടറുകളുടെ ലോക്കിംഗ് സംവിധാനം പരിശോധിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള ഉപകരണങ്ങളും ഘട്ടം ഘട്ടമായുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുന്നുവെന്ന് സെഗ്വേ പറയുന്നു.

## മാർത്തോമാ സൗത്ത് സെന്ററിലെ പട്ടക്കാരുടെ യാത്രയയപ്പ് സമ്മേളനം അവിസ്മരണീയമായി



**– പി പി ചെറിയാൻ**

ഡാളസ്: മാർത്തോമ സന്നദ്ധ സുവിശേഷക സംഘം, സുവിശേഷ സേവികാ സംഘം വാർഷിക പൊതുയോഗവും പട്ടക്കാരുടെ യാത്രയയപ്പു സമ്മേളനവും നടന്നു.

മാർച്ച് 15 ശനിയാഴ്ച രാവിലെ 10ന് കാരോൾട്ടൻ മാർത്തോമ ചർച്ചിൽ സംഘടിപ്പിച്ച സമ്മേളനം ഗാനശുശ്രൂഷക്കുശേഷം പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ചു. സൗത്ത് സെന്റർ എ അസോസിയേഷൻ സെക്രട്ടറി അലക്സ് കോശി സ്വാഗതം പറഞ്ഞു.

അനു മാത്യു നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഒക്കലഹോമ മാർത്തോമ ചർച്ച് വികാരി റവ. ജോൺ കെ മുഖ്യ സന്ദേശം നൽകി. ഫിലിപ്പ് മാത്യുവിന്റെ പ്രാർത്ഥനയ്ക്കു ശേഷം മാർത്തോമ സെൻറർ എ സേവിക സംഘം വാർഷിക ജനറൽ ബോഡി റവ. ജോബി ജോണിന്റെയും, എം.ടി.വി.ഇ.എയുടെ ജനറൽ ബോഡി റവ.ഫാ.വൈ. അലക്സിന്റെയും അധ്യക്ഷതയിൽ ചേർന്നു. ഇരു സംഘടനകളുടെയും സെക്രട്ടറി അലക്സ് കോശി, എലിസബത്ത് മാത്യു, സുമ എബ്രഹാം, മറിയാമ്മ ജോൺ എന്നിവർ യഥാക്രമം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചർച്ചകൾക്കും തിരുത്തലുകൾക്കും ശേഷം പൊതുയോഗം റിപ്പോർട്ടും കണക്കും പാസ്സാക്കി.

ഡാളസ്, ഒക്ലഹോമ എന്നീ ഇടവകകളിലെ സേവനത്തിനുശേഷം സ്ഥലം മാറി പോകുന്ന പട്ടക്കാരുടെയും കുടുംബാംഗങ്ങളുടെയും യാത്രയയപ്പ് സമ്മേളനം കാരോൾട്ടൻ മാർത്തോമ ചർച്ച് വികാരി റവ. ഷിബി എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്നു. ഭദ്രാസന കൗൺസിൽ അംഗം ഷാജി രാമപുരം, എസ്.എസ് സെക്രട്ടറി എലിസബത്ത് മാത്യു, എം.ടി.വി.ഇ.എ സാം അലക്സ് എന്നിവർ ആശംസകൾ പറഞ്ഞു. സംഘടനകളുടെ ഉപഹാരം എസ്.എസ് ട്രഷറർ മറിയാമ്മ ജോൺ, എം.ടി.വി.ഇ.എ ട്രഷറർ സുമ എബ്രഹാം എന്നിവർ പട്ടക്കാർക്ക് കൈമാറി.

ഒക്കലഹോമ മാർത്തോമ ചർച്ച് വികാരി റവ ജോൺ കെ, സെഹിയോൻ മാർത്തോമ ചർച്ച് വികാരി റവ. ജോബി ജോൺ, സെന്റ് പോൾസ് മാർത്തോമ ചർച്ച് വികാരി റവ. ഷൈജു സി ജോയ്, ഫാർമേഴ്സ് മാർത്തോമാ ചർച്ച് വികാരിമാരായ റവ. അലക്സ് യോഹന്നാൻ, റവ. എബ്രഹാം തോമസ് എന്നിവർ സമുചിതമായി മറുപടി നൽകി. ഷുജ ഡേവിഡിന്റെ ഗാനത്തിനു ശേഷം മോളി സജി നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനക്കും ആശീർവാദത്തിനും ശേഷം സമ്മേളനം സമാപിച്ചു. പങ്കെടുത്ത എല്ലാവർക്കും ഉച്ച ഭക്ഷണവും ക്രമീകരിച്ചിരുന്നു.

## കേരളത്തിന് പുറത്തുള്ള ഏറ്റവും വലിയ പൊങ്കാല ആഘോഷവുമായി കെ.എച്ച്.എൻ.ജെ



ന്യൂ ജേഴ്സി: ദേവീ ചൈതന്യവും തീക്ഷ്ണമായ ഭക്തിയും തുടിച്ചുനിന്ന അന്തരീക്ഷത്തിൽ മാൾബോറോയിലെ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ പൊങ്കാലയുടെ പുണ്യവും ആത്മീയ നന്മകളും പ്രാപിച്ച് 350 ൽ പരം വനിതകൾ ആറ്റുകാൽ പൊങ്കാല ഇട്ടു. കേരളത്തിന് പുറത്തുള്ള ഏറ്റവും വലിയ പൊങ്കാല ആഘോഷത്തിന് സംഘാടകരായത് കേരള ഹിന്ദുസ് ഓഫ് ന്യൂജേഴ്സി (കെഎച്ച്എൻജെ) ആണ്.

ചടങ്ങുകൾ എല്ലാം നാട്ടിലേതുപോലെ തന്നെ പിന്തുടർന്നു. ആറ്റുകാൽ ഭഗവതിയെ ധ്യാനിച്ച് ഏഴാംകടലിനക്കരെ ഒരുക്കിയ പൊങ്കാല ചടങ്ങുകളിൽ ദീപ്തമായ ഭക്തി പങ്കെടുത്തവരുടെ ഹൃദയങ്ങളിൽ നിറഞ്ഞു തുളുമ്പി.

ഈ വർഷത്തെ പൊങ്കാലയിൽ ന്യൂജേഴ്സി, ന്യൂയോർക്ക്, ഒഹായോ, പെൻസിൽവേനിയ, കണക്ടിക്കട്ട്, ബോസ്റ്റൺ, മസാച്യുസെറ്റ്സ് എന്നിവിടങ്ങളിൽ നിന്നുള്ള സ്ത്രീകൾ പങ്കെടുത്തു.

കെഎച്ച്എൻജെ ട്രസ്റ്റി ചെയർമാൻ അജിത് ഹരിഹരനും കെഎച്ച്എൻജെ പ്രസിഡന്റ് രഞ്ജിത്ത് പിള്ളയും പരിപാടികൾ ഏകോപിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. കെഎച്ച്എൻജെ എക്സ് ഒഫീഷ്യോ സഞ്ജീവ് നായർ, ജനറൽ സെക്രട്ടറി രൂപ ശ്രീധർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ആശ അജയ്, സുജ വിമൽ, ലിഷ ഐശ്വര്യ ചന്ദ്രൻ, സിന്ധു സുരേഷ് എന്നിവർ പരിപാടി മികച്ച വിജയമാക്കാൻ പ്രവർത്തിച്ചു.

2019ൽ 20 പേരുമായാണ് പൊങ്കാല ആരംഭിച്ചത്. കഴിഞ്ഞ 3 വർഷമായി 150 ൽ കൂടുതൽ പേർ പൊങ്കാല ഇടാൻ എത്തി. ഈ വർഷം ഇത് 350ൽ പരം ആയി. ഭക്തിസാന്ദ്രമായ ചടങ്ങുകൾ രാവിലെ 9ന് ആരംഭിച്ച് 1.30നു ഉച്ച ഭക്ഷണത്തോടെ സമാപിച്ചു.